# ദേശീയ വിദ്യാഭ്യാസ നയം കരട് 2019
## സംഗ്രഹം

# കരട് ദേശീയ വിദ്യാഭ്യാസ നയത്തിനുള്ള കമ്മിറ്റി

അദ്ധ്യക്ഷൻ

കെ കസ്തൂരിരംഗൻ, മുൻ അദ്ധ്യക്ഷൻ, ISRO, ബംഗളൂരു

അംഗങ്ങൾ

എ. വസുധ കമ്മത്ത്, മുൻ വി.സി. SNDT വിമൻസ് യൂണിവേഴ്സിറ്റി, മുംബൈ

ബി. മഞ്ജുൾ ഭാർഗവ, ആർ. ബ്രൻഡൻ ഫ്രഡ്, പ്രൊഫസ്സർ ഓഫ് മാത്തമാറ്റിക്സ്, പ്രിൻസ്റ്റൻ സർവകലാശാല, യു.എസ്.എ

സി. രാം ശങ്കർ കുരീൽ, മുൻ സ്ഥാപക വി. സി., ബാബാ സാഹെബ് അംബേദ്കർ യൂണിവേഴ്സിറ്റി ഓഫ് സോഷ്യൽ സയൻസസ്, മധ്യപ്രദേശ്.

ഡി. ടി.വി. കട്ടിമണി., വി.സി., ഇന്ദിര ഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റി, അമർകന്തക്ക്, മധ്യപ്രദേശ്.

ഇ. കൃഷ്ണമോഹൻ ത്രിപാഠി, ഡയരക്ടർ ഓഫ് എജുക്കേഷൻ, (സെക്കണ്ടറി) & മുൻ അദ്ധ്യക്ഷൻ, ഉത്തർപ്രദേശ് ഹൈസ്കൂൾ ആൻഡ് ഇന്ററർമീഡിയറ്റ് എക്സാമിനേഷൻ ബോർഡ്, ഉത്തർപ്രദേശ്.

എഫ്. മഷർ ആസിഫ്, പ്രൊഫസ്സർ, സെന്റർ ഫോർ പേർഷ്യൻ ആൻഡ് സെൻട്രൽ ഏഷ്യൻ സ്റ്റഡീസ്, സ്കൂൾ ഓഫ് ലാംഗേജ്, ലിറ്ററേച്ചർ ആൻഡ് കൾച്ചർ സ്റ്റഡീസ്, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ന്യൂ ഡൽഹി.

ജി. എം. കെ. ശ്രീധർ, മുൻ മെമ്പർ സെക്രട്ടറി, കർണ്ണാടക നോളഡ്ജ് കമ്മീഷൻ, ബംഗളൂരു, കർണാടക.

**സെക്രട്ടറി**

എച്ച്. ഷക്കീല ടി. ഷംസു., ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ദേശീയ വിദ്യാഭ്യാസ നയം), ഡിപ്പാർട്ട്മെന്റ് ഓഫ് ഹയർ എജ്യുക്കേഷൻ, മിനിസ്ട്രി ഓഫ് ഹ്യുമൻ റിസോഴ്സ് ഡവലപ്മെന്റ്, ഗവൺമെന്റ് ഓഫ് ഇന്ത്യ, ന്യൂഡൽഹി.

**ഡ്രാഫ്റ്റിംഗ് കമ്മിറ്റി അംഗങ്ങൾ**

എ). മഞ്ജുൾ ഭാർഗവ, ആർ. ബ്രൻഡൻ ഫ്രഡ്, പ്രൊഫസ്സർ ഓഫ് മാത്തമാറ്റിക്സ്, പ്രിൻസ്റ്റൻ സർവകലാശാല, യു.എസ്.എ

ബി. കെ. രാമചന്ദ്രൻ, അഡ്വൈസർ, നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് എജ്യുക്കേഷണൽ പ്ലാനിംഗ് ആൻഡ് അഡ്മിനിസ്ട്രേഷൻ, ന്യൂഡൽഹി

സി. അനുരാഗ് ബെഹർ, സി. ഇ. ഒ., അസിം പ്രേംജി ഫൌണ്ടേഷൻ & വൈസ് ചാൻസലർ, അസിം പ്രേംജി യൂണിവേഴ്സിറ്റി, ബംഗളൂരു

ഡി. ലീന ചന്ദ്രൻ വാലിയ, ഒബ്സെർവർ റിസേർച്ച് ഫൌണ്ടേഷൻ, മുംബൈ.

# ദർശനം

സാർവത്രിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതും, നമ്മുടെ രാജ്യത്തെ ഒരു ചലനാത്മകവിജ്ഞാനസമൂഹമാക്കി പരിപോഷിപ്പിക്കുന്നതുമായ ഭാരതകേന്ദ്രീകൃതവിദ്യാഭ്യാസ സമ്പ്രദായമാണ് ദേശീയ വിദ്യാഭ്യാസ നയം 2019 വിഭാവനം ചെയ്യുന്നത്.

# നയത്തിന്റെ പൊതുവായ അവലോകനം - പ്രധാന വസ്തുതകൾ

## I. സ്കൂൾ വിദ്യാഭ്യാസം

**എ. ബാല്യകാലവിദ്യാഭ്യാസം:** ബാല്യകാലത്തിന്റെ അതിപ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറയുന്ന നയം, **സാരമായി വർദ്ധിപ്പിച്ച നിക്ഷേപത്തിലൂടെയും** ഉദ്യമങ്ങളിലൂടെയും, 3നും 6നും **ഇടയ്ക്ക് പ്രായമുള്ള എല്ലാ കുട്ടികൾക്കും 2025ഓടെ ഉന്നതനിലവാരത്തിലുള്ള ബാല്യകാലപരിചരണവും വിദ്യാഭ്യാസവും ഉറപ്പുവരുത്തണമെന്ന് ലക്ഷ്യമിടുന്നു.**

**ബി. അടിസ്ഥാനസാക്ഷരതയും സംഖ്യാജ്ഞാനവും:** 1 മുതൽ 5 വരെ ഗ്രേഡുകളിൽ ഭാഷക്കും ഗണിതത്തിനും തുടക്കകാലം മുതൽ പ്രത്യേക ശ്രദ്ധ നൽകും . ഗ്രേഡ് 5ലും അതിനു മുകളിലുമുള്ള എല്ലാ വിദ്യാർഥികളും 2025ഓടെ അടിസ്ഥാനസാക്ഷരതയും സംഖ്യാജ്ഞാനവും കൈവരിക്കണം എന്നാണു നയം ലക്ഷ്യമിടുന്നത്.

**സി. കരിക്കുലവും ബോധനശാസ്ത്രവും:** തലച്ചോറിന്റെ വികസന തത്വങ്ങളെയും പഠിക്കാനുള്ള കഴിവിനെയും അടിസ്ഥാനമാക്കി സ്കൂൾവിദ്യാഭ്യാസത്തിൽ വികസനോചിതമായ ഒരു പുതിയ കരിക്കുലവും ബോധനശാസ്ത്രഘടനയും 5+3+3+4 എന്ന രൂപകൽപനയെ അധികരിച്ച് വികസിപ്പിച്ചെടുത്തിട്ടുണ്ട്. വോക്കേഷനാൽ, അക്കാദമിക ശാഖകൾ ഏകീകരിച്ച്, ശാസ്ത്രം, സമൂഹശാസ്ത്രങ്ങൾ, കല, ഭാഷകൾ, സ്പോർട്സ്, കണക്ക് തുടങ്ങി എല്ലാ വിഷയങ്ങൾക്കും സ്കൂളിൽ ഒരേ പോലെ ഊന്നൽ കൊടുക്കും.

**ഡി. സാർവത്രിക പ്രവേശനം:** സ്കൂൾ വിദ്യാഭ്യാസത്തിൽ 2030 ഓടെ നിരവധി പരിപാടികളിലൂടെ 100% ഗ്രോസ് എന്രോൾമെന്റ് റേഷിയോ നേടാൻ ഈ നയം ലക്ഷ്യമിടുന്നു.

**ഇ. തുല്യതയുള്ളതും ഉള്ച്ചേർക്കുന്നതും ആയ വിദ്യാഭ്യാസം:** ഒരു കുട്ടിക്കും പഠിക്കുവാനും മികവാർജ്ജിക്കുവാനും ഉള്ള ഒരു

അവസരവും ജനനസാഹചര്യം മൂലമോ പശ്ചാത്തലം മൂലമോ നഷ്ടമാവുകയില്ല എന്ന് ഉറപ്പാക്കുവാൻ ഈ നയത്തിന് കീഴിൽ ക്രമീകൃതമായ ഉദ്യമങ്ങളുണ്ടാവും. ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനായി സവിശേഷ വിദ്യാഭ്യാസ മേഖലകൾ നിലവിൽ വരും.

**എഫ്. അദ്ധ്യാപകർ:** സുതാര്യവും കരുത്തുറ്റതുമായ പ്രക്രിയകളിലൂടെ അദ്ധ്യാപകരെ നിയമിക്കുകയും അവരുടെ സ്ഥാനക്കയറ്റം കാലാകാലങ്ങളിലെ പ്രവർത്തനമികവുകളുടെ അടിസ്ഥാനത്തിൽ നടത്തുകയും, പല സ്രോതസ്സുകളിൽ നിന്നുള്ള കാലാനുസാരിയായ പെർഫോർമൻസ് അപ്രേയിസൽ നടത്തുകയും, തൊഴിലിൽ ഉയർന്ന് വിദ്യാഭ്യാസ ഭരണകർത്താക്കളോ അധ്യാപകരുടെ അധ്യാപകരോ ആയിത്തീരാനുള്ള പുരോഗമന പാതകൾ സൃഷ്ടിക്കുകയും ചെയ്യും.

**ജി. സ്കൂൾ ഭരണനിർവഹണം.** സ്കൂളുകളെ സ്കൂൾ സഞ്ചയങ്ങളായി സംഘടിപ്പിക്കും (10 മുതൽ 20 വരെ പൊതുവിദ്യാലയങ്ങളുടെ സംഘങ്ങൾ). എല്ലാ വിഭവങ്ങളുടെയും ലഭ്യത ഉറപ്പു വരുത്തുന്ന ഇതായിരിക്കും- അടിസ്ഥാനസൌകര്യം, അക്കാദമികം (ഗ്രന്ഥശാലകൾ പോലെ), വ്യക്തികൾ (കല, സംഗീതം തുടങ്ങിയവയുടെ അദ്ധ്യാപകർ)- ശക്തിമത്തായ ഒരു പ്രൊഫഷണൽ അദ്ധ്യാപക സമൂഹം ഉൾപ്പെടെ. ഭരണത്തിന്റെയും കാര്യനിർവഹണത്തിന്റെയും അടിസ്ഥാനഘടകം.

എച്ച്. **വിദ്യാലയങ്ങൾക്ക് മേലുള്ള നിയന്ത്രണം.** താൽപര്യസംഘട്ടനം ഒഴിവാക്കാൻ സ്കൂളുകളുടെ നിയന്ത്രണവും നടത്തിപ്പും വ്യത്യസ്ത സമിതികളാണ് നടത്തുന്നത്. നയരൂപീകരണത്തിനും, ചട്ടങ്ങൾക്കും, നടത്തിപ്പിനും, അക്കാദമിക കാര്യങ്ങൾക്കും വ്യക്തവും വ്യത്യസ്തവുമായ സമ്പ്രദായങ്ങളുണ്ടാവും.

## II. ഉന്നത വിദ്യാഭ്യാസം

എ. **പുതിയ രൂപകൽപന:** ബൃഹത്തും ഉത്തമവിഭവശേഷിയുള്ളതും ഊര്ജസ്വലവും വിവിധവിജ്ഞാനശാഖകളോടുകൂടിയതുമായ സ്ഥാപനങ്ങളായാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ പുതിയ ദർശനവും രൂപകല്പനയും വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള 800 സർവകലാശാലകളും 40000 കോളേജുകളും ഏകീകരിച്ച് 15000ത്തോളം ശ്രേഷ്ഠസ്ഥാപനങ്ങളാക്കും.

ബി. **ലിബറൽ വിദ്യാഭ്യാസം**: അണ്ടർ ഗ്രാജുവേറ്റ് തലത്തിൽ ശാസ്ത്രം, കല, ഹ്യുമാനിറ്റീസ്, ഗണിതം, പ്രൊഫഷണൽ മേഖലകൾ എന്നിവയിൽ നിയതവും സമഗ്രവുമായ ഇടപഴകലോട് കൂടിയതും വിശാലാടിസ്ഥാനമുള്ളതുമായ സാർവവിഷയക വിദ്യാഭ്യാസം (ലിബറൽ ആർട്സ് എജുകേഷൻ) കൊണ്ടുവരും. ഇതിൽ ഭാവനാപരവും ഭേദഗതികൾ സാധ്യമായതുമായ പഠനപദ്ധതി, വിജ്ഞാനശാഖകളുടെ സർഗാത്മകമായ സങ്കലനം, വോക്കേഷണൽ വിദ്യാഭ്യാസത്തിന്റെ ഏകീകരണം, അനേകങ്ങളായ എൻട്രി-എക്സിറ്റ് പോയിന്റുകൾ എന്നിവയുണ്ടാകും.

**സി. ഭരണനിർവഹണം:** അക്കാദമിക, സാമ്പത്തിക, ഭരണസംബന്ധമായ സ്വയംഭരണാവകാശത്തിൽ അധിഷ്ഠിതമായതായിരിക്കും സ്ഥാപനത്തിന്റെ ഭരണനിർവഹണം. സ്വതന്ത്രമായ ഒരു സമിതിയുടെ ഭരണത്തിൻ കീഴിലായിരിക്കും ഓരോ ഉന്നത വിദ്യാഭ്യാസ സ്ഥാപനവും.

ഡി. **ചട്ടം:** സാമ്പത്തികസ്ഥിരത, പൊതുബോധം എന്നിവ ഉറപ്പുവരുത്തുവാനായി ലളിതവും അതേസമയം കർശനവുമായിരിക്കും ചട്ടങ്ങൾ - താൽപര്യ സംഘട്ടനം ഒഴിവാക്കാനായി നിലവാരം നിശ്ചയിക്കൽ, ഫണ്ട് കണ്ടെത്തൽ, അംഗീകാരം, ചട്ട നിർമാണം തുടങ്ങിയവ നടത്തുന്നത് സ്വതന്ത്ര സമിതികളായിരിക്കും.

.

## III. അദ്ധ്യാപക വിദ്യാഭ്യാസം

അദ്ധ്യാപകരെ സന്നദ്ധരാക്കുന്ന പദ്ധതി കൃത്യതയോടെ ചെയ്യുന്ന ഒന്നായിരിക്കും. ഊർജസ്വലമായ മൾട്ടി ഡിസിപ്ലിനറി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമേ ഇത്തരം അദ്ധ്യാപക മുന്നൊരുക്ക പദ്ധതികൾ ഉണ്ടാവുകയുള്ളൂ. നിശ്ചിതമായ ഘട്ടങ്ങളും നിശ്ചിതമായ വിഷയങ്ങളും ഉള്ള 4 കൊല്ലം നീളുന്ന ബാച്ലർ ഓഫ് എജുക്കേഷൻ ആയിരിക്കും ഇനി അദ്ധ്യാപകൻ ആകാനുള്ള വഴി. നിലവാരമില്ലാത്ത പ്രവർത്തനം നിലച്ച അദ്ധ്യാപക പഠന സ്ഥാപനങ്ങൾ അടച്ചു പൂട്ടും.

## IV. പ്രൊഫഷണൽ വിദ്യാഭ്യാസം

എല്ലാ പ്രൊഫഷണൽ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസ വ്യവസ്ഥിതിയുടെ അവിഭാജ്യ ഭാഗമായിരിക്കും. സ്വയം പ്രവർത്തിക്കുന്ന സാങ്കേതിക സർവകലാശാലകൾ, ആരോഗ്യശാസ്ത്ര സർവകലാശാലകൾ, നിയമ കാർഷിക സർവകലാശാലകൾ, അല്ലെങ്കിൽ ഈ മേഖലകളിലോ മറ്റു മേഖലകളിലോ ഉള്ള സ്ഥാപനങ്ങൾ എന്നിവ നിർത്തലാക്കും.

## V. വോക്കേഷണൽ വിദ്യാഭ്യാസം

എല്ലാ വിദ്യാഭ്യാസത്തിന്റെയും അവിഭാജ്യ ഘടകമായിരിക്കും ഇത്. 2025ഓടെ അമ്പതു ശതമാനം പഠിതാക്കൾക്കെങ്കിലും വോക്കേഷനാൽ വിദ്യാഭ്യാസം പ്രാപ്തമാക്കാൻ ഈ നയം ലക്ഷ്യമിടുന്നു.

## VI. നാഷണൽ റിസേർച്ച് ഫൌണ്ടേഷൻ

**രാജ്യത്തുടനീളം ഗവേഷണവും നൂതനവിദ്യയും രാജ്യത്തെമ്പാടും ത്വരിതപ്പെടുത്താനും ഊർജിതമാക്കാനും ഒരു പുതിയ സ്ഥാപനം സ്ഥാപിക്കും.**

## VII. വിദ്യാഭ്യാസത്തിലെ സാങ്കേതികവിദ്യ

ക്ലാസ് മുറികളിലെ പ്രക്രിയകൾ മെച്ചപ്പെടുത്തുവാനും, അദ്ധ്യാപകരുടെ പ്രൊഫഷണൽ വികാസം പിന്തുണക്കുന്നതിനും, പ്രതികൂലസാഹചര്യങ്ങളിൽ ഉള്ള സമൂഹങ്ങൾക്ക് വിദ്യാഭ്യാസ പ്രാപ്തത വർദ്ധിപ്പിക്കാനും, വിദ്യാഭ്യാസ ആസൂത്രണവും ഭരണവും സുഗമമാക്കാനും, വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും സാങ്കേതികവിദ്യ ഉചിതമായി സംയോജിപ്പിക്കുന്നതിനും ഈ നയം ലക്ഷ്യമിടുന്നു.

## VIII. മുതിർന്നവരുടെ വിദ്യാഭ്യാസം

ഈ നയം, 2030ഓടെ യുവജനങ്ങളിലും മുതിർന്നവരിലും 100% സാക്ഷരത കൈവരിക്കുവാൻ ലക്ഷ്യമിടുന്നു.

IX. ഇന്ത്യൻ ഭാഷകളുടെ പ്രോത്സാഹനം

എല്ലാ ഇന്ത്യൻ ഭാഷകളുടെയും സംരക്ഷണവും വളർച്ചയും ഊർജസ്വലതയും നയം ഉറപ്പാക്കും.

X. വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം

പൊതുവിദ്യാഭ്യാസം വികസിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും ഗണ്യമായ പൊതുനിക്ഷേപം ഉണ്ടായിരിക്കുന്നതാണ്.

XI. രാഷ്ട്രീയ ശിക്ഷാ ആയോഗ്

പ്രധാനമന്ത്രി തലവനായിട്ടുള്ള രാഷ്ട്രീയ ശിക്ഷ ആയോഗ് (നാഷണൽ എജുക്കേഷൻ കമ്മീഷൻ) രൂപീകരിക്കും - ഇതായിരിക്കും ഇന്ത്യയിലെ വിദ്യാഭ്യാസം സംബന്ധിച്ച ദർശനത്തിന്റെ പരിപാലകൻ.

# നയ വിശദാംശങ്ങൾ - പ്രധാന വസ്തുതകൾ

# സ്കൂൾ വിദ്യാഭ്യാസം

1. പ്രാരംഭബാല്യകാല പരിപാലനവും വിദ്യാഭ്യാസവും ശക്തിപ്പെടുത്തൽ

ഉദ്ദേശ്യം: 2025ഓടെ 3 വയസ്സിനും 6 വയസ്സിനും ഇടയ്ക്കു പ്രായമുള്ള എല്ലാ കുട്ടികൾക്കും സൌജന്യവും സുരക്ഷിതവും ഉന്നതനിലവാരം ഉള്ളതുമായ വികാസത്തിന് യോജ്യമായ പരിപാലനവും വിദ്യാഭ്യാസവും പ്രാപ്യമാക്കുക.

പ്രാരംഭബാല്യകാല വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ജീവിതകാലം മുഴുവനും അതിന്റെ മെച്ചം നിലനിർത്തും എന്നുള്ളത് കൊണ്ടുള്ള പ്രാധാന്യം, നയം ഊന്നിപ്പറയുന്നു.

എ. പ്രാരംഭബാല്യകാല വിദ്യാഭ്യാസത്തിന്റെ ഗണ്യമായ വികാസവും സൌകര്യങ്ങളുടെ ശക്തിപ്പെടുത്തലും യാഥാർഥ്യമാകുന്നത് പ്രാദേശികാവശ്യങ്ങളും, ഭൂപ്രകൃതിയും നിലവിലുള്ള ഭൌതിക സാഹചര്യത്തെയും ആശ്രയിച്ചുള്ള ബഹുതലസമീപനത്തിലൂടെ ആയിരിക്കും.

ബി. സാമൂഹികവും സാമ്പത്തികവുമായി പ്രതികൂലസാഹചര്യത്തിലുള്ള ജില്ലകൾക്കും പ്രദേശങ്ങൾക്കും പ്രത്യേക പരിഗണന നൽകും. ഗുണനിലവാരവും പ്രവൃത്തിഫലവും യോജിച്ച രീതിയിൽ നിരീക്ഷിക്കുന്നതിനുള്ള പ്രക്രിയകൾ ഏർപ്പാടാക്കും.

സി. പ്രാരംഭകാല വിദ്യാഭ്യാസത്തിനു വിദ്യ അഭ്യസിപ്പിക്കുന്നവരെയും രക്ഷകർത്താക്കളെയും ലക്ഷ്യമാക്കിയുള്ള കരിക്കുലം സംബന്ധിച്ചതും ബോധനശാസ്ത്രപരവുമായ ചട്ടക്കൂട്

വികസിപ്പിക്കും. 0-3 വയസ്സുള്ളവരുടെ ഗ്രാഹ്യശക്തി ഉത്തേജിപ്പിക്കുന്നതിനു ഉചിതമായതും 3-8 വയസ്സുള്ളവർക്കുള്ള വിദ്യാഭ്യാസ മാർഗനിർദ്ദേശങ്ങൾ അടങ്ങുന്നതുമായിരിക്കും ഈ ചട്ടക്കൂട്.

ഡി. പഠിതാവ്-സൌഹൃദ അന്തരീക്ഷത്തിന്റെ രൂപകല്പന ഉന്നതഗുണനിലവാരമുള്ള പ്രബോധകന്മാരുടെ പ്രൊഫഷണലൈസേഷൻ, ഘട്ട-നിയതമായ പരിശീലനത്തിലൂടെയും മാർഗനിർദ്ദേശത്തിലൂടെയും, തുടർച്ചയായ പ്രൊഫഷണൽ വികാസത്തിനുള്ള അവസരങ്ങൾ, കരിയർ-മാപ്പിംഗ് എന്നിവയും നടപ്പിലാക്കും.

ഇ. പ്രാരംഭകാല വിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളും വിദ്യാഭ്യാസമന്ത്രാലയത്തിന്റെ അധികാരപരിധിയിൽ വരും( നിലവിലുള്ള മാനവവിഭവശേഷിമന്ത്രാലയത്തെ പുനർനാമകരണം ചെയ്യുന്നത് കൊണ്ട്), പ്രാരംഭാബാല്യകാല വിദ്യാഭ്യാസത്തെ ഫലപ്രദമായി ശേഷിക്കുന്ന സ്കൂൾ വിദ്യാഭ്യാസത്തോട് കൂട്ടിമുട്ടിച്ചു കൊണ്ട് - വിദ്യാഭ്യാസം, വനിതകളും ശിശുവികസനവും, ആരോഗ്യവും കുടുംബക്ഷേമവും എന്നീ മന്ത്രാലയങ്ങൾ ചേർന്ന് 2019ൽ ഒരു പരിവർത്തനപദ്ധതിക്കു അന്തിമരൂപം നൽകും.

എഫ്. പ്രി-സ്കൂൾ വിദ്യാഭ്യാസമേഖലയിൽ( സ്വകാര്യ, പൊതു, മനുഷ്യസ്നേഹപര) ഉത്തരവുകൾ അനുസരിക്കുന്നത് ഉറപ്പാക്കാൻ ഫലപ്രദമായ ഗുണമേന്മയുള്ള നിയന്ത്രണം അല്ലെങ്കിൽ അക്രഡിറ്റേഷൻ സമ്പ്രദായം ഏർപ്പെടുത്തും.

ജി. കുട്ടികളുടെ പഠനാവശ്യങ്ങൾ സജീവമായി പിന്തുണക്കുന്നതിന് രക്ഷകർത്താക്കളെ സജ്ജരാക്കുവാൻ വമ്പിച്ച രീതിയിൽ ബോധവൽക്കരണവും വിവരവ്യാപനവും നടത്തും.

എച്. 3നും 6നും ഇടയ്ക്കു പ്രായമുള്ള എല്ലാവര്ക്കും സൌജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസത്തിന്റെ ലഭ്യത ഉറപ്പാക്കാൻ, വിദ്യാഭാസാവകാശനിയമം 2009 ദീർഘിപ്പിക്കും.

2. അടിസ്ഥാന സാക്ഷരതയും സംഖ്യാജ്ഞാനവും മുഴുവൻ കുട്ടികളിലും ഉറപ്പാക്കൽ

ഉദ്ദേശ്യം: 2025ഓടെ ഗ്രേഡ് 5ലും അതിനു മുകളിലും ഉള്ള ഓരോര വിദ്യാർഥിയും അടിസ്ഥാനസാക്ഷരതയും സംഖ്യാജ്ഞാനവും നേടിയിരിക്കും.

ഭാഷയും ഗണിതവും സംബന്ധിച്ച് ആദ്യവർഷങ്ങളിൽ ഗൌരവതരമായ പഠന പ്രതിസന്ധിയുണ്ടെന്നു ഈ നയം തിരിച്ചറിയുന്നു, അതിനു അങ്ങേയറ്റം മുൻഗണന കൊടുക്കുന്നു.

എ. പോഷകാഹാരവും പഠനവും വേർപെടുത്താൻ കഴിയാത്തവണ്ണം ബന്ധപ്പെട്ടിരിക്കുന്നു. ഉച്ചഭക്ഷണപദ്ധതി വികസിപ്പിക്കും - പോഷകസമൃദ്ധമായ പ്രാതലും ഉച്ചഭക്ഷണവും പ്രി-പ്രൈമറി, പ്രൈമറി സ്കൂൾ വിദ്യാർഥികൾക്ക് ലഭ്യമാക്കും. വിളമ്പുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ, പദ്ധതിയുടെ ചെലവ് ഭക്ഷണത്തിന്റെ വിലയുമായും നാണയപ്പെരുപ്പവുമായും ബന്ധപ്പെടുത്തും.

ബി. ഗ്രേഡ് 1 മുതൽ 5 വരെ അടിസ്ഥാന സാക്ഷരതയ്ക്കും സംഖ്യാജ്ഞാനത്തിനും അധികമായ ശ്രദ്ധ കൊടുക്കും. ഒപ്പം ഗുണമേന്മയുള്ള വസ്തുക്കളുടെ ലഭ്യതയും കാലാനുഗുണമായ മൂല്യനിർണ്ണയമുള്ള കരുത്തുറ്റ സമ്പ്രദായവും ഉണ്ടാകും. ഭാഷയുടെയും ഗണിതശാസ്ത്രവിഭവങ്ങളുടെയും ഒരു ദേശീയ കലവറ നാഷണൽ ടീച്ചേഴ്സ് പോർട്ടലിൽ ലഭ്യമാണ്.

സി. അദ്ധ്യാപകർക്ക് സഹായകമായി പ്രവർത്തിക്കേണ്ട സാങ്കേതികഇടപെടലുകൾക്ക് തുടക്കം കുറിക്കുകയും വായനയുടെയും വിനിമയത്തിന്റെയും ഒരു സംസ്കാരം കെട്ടിപ്പടുക്കാൻ പൊതുവിൽ ഉള്ളതും സ്കൂളുകളിൽ ഉള്ളതുമായ വായനശാലകൾ വികസിപ്പിക്കും.

ഡി. ഗ്രേഡ് 1ലുള്ള എല്ലാ വിദ്യാർഥികളും മൂന്നു മാസം ദൈർഘ്യമുള്ള ഒരു സ്കൂൾ പ്രിപ്പറേഷൻ മോഡ്യൂളിലൂടെ കടന്നു പോകും.

ഇ. അടിസ്ഥാന സാക്ഷരതയ്ക്കും സംഖ്യാജ്ഞാനത്തിനും ഉള്ള പ്രാധാന്യം തുടർന്നും ലഭിക്കുവാൻ, അദ്ധ്യാപക വിദ്യാഭ്യാസതിന്റെൻ രൂപരേഖ പരിഷ്കരിക്കും.

എഫ്. ഒരു നാഷണൽ ട്യൂട്ടേഴ്സ് പ്രോഗ്രാമും (സമരായ മറ്റു ട്യൂട്ടർമാർ അടങ്ങുന്നത്) ഒരു റെമെഡിയൽ ഇൻസ്ട്രക്ഷണൽ എയിഡ്സ് പ്രോഗ്രാമും (സമൂഹത്തിൽ നിന്നുള്ള ഇന്സ്ട്രക്ട്ടർമാരെ ഉൾപ്പെടുത്തി) ആരംഭിക്കും.

ജി. ഓരോ സ്കൂൾ തലത്തിലും വിദ്യാർഥി-അദ്ധ്യാപക അനുപാതം 30:1 നു താഴെയാണ് എന്നുറപ്പാക്കും.

എച്ച്. സോഷ്യൽ വർക്കർമാരും കൌൺസിലർമാരും കുട്ടികൾ കൊഴിഞ്ഞു പോകാതിരിക്കുന്നതിനും അവരുടെ മാനസികാരോഗ്യവും രക്ഷാകർതൃപങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനു സഹായിക്കും. അടിസ്ഥാന സാക്ഷരതയും സംഖ്യാജ്ഞാനവും സംബന്ധിച്ച നയത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നു എന്നുറപ്പുവരുത്തുന്നതിനു പ്രാദേശിക സമൂഹത്തെയും സന്നദ്ധപ്രവർത്തകരെയും സജ്ജരാക്കും.

**3. വിദ്യാഭ്യാസത്തിൽ എല്ലാ തലത്തിലും സാർവത്രിക ലഭ്യതയും നിലനിർത്തലും ഉറപ്പു വരുത്തുക.**

ഉദ്ദേശ്യം: 2030ഓടെ 3-18 വരെയുള്ള പ്രായമുള്ള എല്ലാ കുട്ടികൾക്കും സൌജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ലഭ്യതയും പങ്കാളിത്തവും കൈവരിക്കുക.

എ. 2030ഓടെ വിവിധ നടപടികളിലൂടെ പ്രി-സ്കൂൾ മുതൽ സെക്കണ്ടറി വരെ 1005 ഗ്രോസ് എന്രോൾമെന്റ് റേഷിയോ ഉറപ്പു വരുത്തും.

ബി. ലഭ്യതയിലുള്ള ന്യൂനത നികത്തുവാനായി നിലവിലുള്ള സ്കൂളുകളിൽ കൂടുതൽ പ്രവേശനം അനുവദിക്കുക, സേവനം ലഭ്യമല്ലാത്ത/കുറവുള്ള ഇടങ്ങളിൽ കൂടുതൽ സൌകര്യങ്ങൾ വികസിപ്പിക്കുക, ഗതാഗത/താമസ സൌകര്യങ്ങൾ കൊണ്ട് പിന്തുണച്ച് സ്കൂളുകളെ യുക്തിപരമായി പുനർഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യും. എല്ലാ കുട്ടികളുടെയും, പ്രത്യേകിച്ച് പെൺകുട്ടികളുടെ, സുരക്ഷ ഉറപ്പു വരുത്തും.

സി. പ്രവേശനം നൽകിയിട്ടുള്ള കുട്ടികളുടെ ഹാജർനിലയും പ്രകടനവും പിന്തുടർന്നും അധ്യാപകരും സോഷ്യൽ വർക്കർമാരും കൌൺസിലർമാരും ചേർന്ന് കൊഴിഞ്ഞു പോയ കുട്ടികളെയും, പ്രവേശനം നേടാത്ത കുട്ടികളെയും പിന്തുടർന്നും, വലിയ കാലയളവായി സ്കൂളിൽ നിന്ന് വിട്ടുനിൽക്കുന്ന കൌമാരക്കാർക്കായി പദ്ധതികൾ ആവിഷ്കരിച്ചും എല്ലാ കുട്ടികളുടെയും പഠനവും പങ്കാളിത്തവും ഉറപ്പുവരുത്തും. ഓപ്പൻ സ്കൂൾ, വിദൂരപഠനം, സാങ്കേതികവിദ്യയുടെ വേദികൾ എന്നിവയെ ശക്തിപ്പെടുത്തുമ്പോൾ ഔപചാരികവും അനൌപചാരികവുമായ സമ്പ്രദായങ്ങളിലുള്ള ബഹുവിധത്തിലുള്ള പഠനവഴികൾ ലഭ്യമാകും.

ഡി. ആരോഗ്യപ്രശ്നങ്ങളാൽ സ്കൂളിൽ ഹാജരാകാൻ കഴിയാതിരിക്കുന്ന കുട്ടികളുടെ കാര്യത്തിൽ സാധിക്കുന്നയത്ര വേഗത്തിൽ സ്കൂളിൽ അവർ മടങ്ങിയെത്തുന്നതിനുള്ള നടപടികൾ ഉറപ്പുവരുത്തും. ഇതിൽ, സ്കൂളുകളിൽ ഹെൽത്ത് വർക്കർമാരെ

നിയമിക്കുക, വിദ്യാർഥികൾക്കിടയിലും സമൂഹത്തിലും ബോധവൽക്കരണം നടത്തുന്നതും, അവരെ അനുയോജ്യമായ ആരോഗ്യസേവനവുമായി ബന്ധപ്പെടുത്തുന്നതും ഉൾപ്പെടും.

ഇ. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ആവശ്യകതകൾക്കുള്ള നിയന്ത്രണങ്ങൾ ഗണ്യമായി കുറയ്ക്കും. ഒപ്പം സുരക്ഷിതത്വവും (ശാരീരികവും മാനസികവും), പ്രാപ്യതയും ഉള്ക്പ്പെടുത്തലും, സ്കൂളുകളുടെ ലാഭേച്ഛയില്ലായ്മയും പഠനത്തിന്റെ പരിണതഫലങ്ങൾക്കുള്ള ചുരുങ്ങിയ അടിസ്ഥാന ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യും. ഇത് പ്രാദേശികഭേദങ്ങൾക്ക് ബദൽ മാതൃകകൾ അനുവദിക്കുന്നതിനുമൊപ്പം സർക്കാർ സർക്കാരേതര സ്ഥാപനങ്ങൾക്ക് സ്കൂൾ തുടങ്ങുന്നത് എളുപ്പമാക്കും.

എഫ്. പ്രി-സ്കൂൾ മുതൽ ഗ്രേഡ് 12 സൌജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭ്യമാണ് എന്നുറപ്പ് വരുത്താൻ വിദ്യാഭ്യാസ അവകാശ നിയമം ദീർഘിപ്പിക്കും.

## 4. സ്കൂൾ വിദ്യാഭ്യാസത്തിനു പുതിയ പാഠ്യ, ബോധനശാസ്ത്ര ഘടനകൾ

ഉദ്ദേശ്യം: മനഃപാഠം പരിമിതപ്പെടുത്തി പകരം സമഗ്രവികസനവും 21-ാം നൂറ്റാണ്ട് നൈപുണ്യങ്ങളായ വിമർശകാത്മകചിന്ത, സർഗാത്മകത, ശാസ്ത്രമനോഭാവം, ആശയവിനിമയം, സഹകരണം, ബഹുഭാഷാക്ഷമത, പ്രശ്നപരിഹാരം, ധർമ്മം, സാമൂഹ്യ ഉത്തരവാദിത്തം, ഡിജിറ്റൽ സാക്ഷരത എന്നിവ പ്രോത്സാഹിപ്പിച്ചു പാഠ്യപദ്ധതിയും ബോധനശാസ്ത്രവും 2022-ാമാണ്ടോടെ രൂപം മാറ്റും.

സ്കൂൾവിദ്യാഭ്യാസത്തിലെ പാഠ്യപദ്ധതിയുടെയും ബോധനശാസ്ത്രത്തിന്റെയും ഘടന വികസനാവശ്യങ്ങളോടു പ്രതികരിക്കുന്നതും പ്രസക്തവും ആക്കി വികാസത്തിന്റെ പല ഘട്ടങ്ങളിലുള്ള പഠിതാക്കളുടെ താല്പര്യമനുസരിച്ചു പുനർവിന്യസിക്കും .

എ). പാഠ്യപദ്ധതിയുടെയും ബോധനശാസ്ത്രത്തിന്റെയും സ്കൂൾവിദ്യാഭ്യാസത്തിനുള്ള കരിക്കുലം ഘടനയെയും നയിക്കുന്നത് 5+3+3+4 എന്ന രൂപരേഖയായിരിക്കും.

- അടിസ്ഥാനഘട്ടം (3-8 വയസ്സുവരെ): തലച്ചോറിന്റെ ദ്രുതഗതിയിലുള്ള വളർച്ച; കളിയിലൂടെയും കണ്ടുപിടിക്കലുകളുമടിസ്ഥാനമാക്കിയുള്ള പഠനം

- പ്രിപ്പറേറ്ററി ഘട്ടം (8-11 വയസ്സുവരെ): കളിയിലും കണ്ടുപിടിക്കലുകളിലും പണിഞ്ഞ്; ഘടനാപരമായ പഠനത്തിലേക്കുള്ള പരിവർത്തനത്തിന്റെ തുടക്കം.

- മധ്യഘട്ടം (11-14 വയസ്സുവരെ): വിഷയങ്ങളിലെ സങ്കല്പനങ്ങളുടെ പഠനം; കൗമാരത്തിലേക്കു നീങ്ങുന്നതിന്റെ തുടക്കം.

- സെക്കന്ററി ഘട്ടം (14-18 വയസ്സുവരെ): ജീവിതവൃത്തിക്കും ഉന്നതവിദ്യാഭ്യാസത്തിനുമുള്ള തയ്യാറെടുക്കൽ; യൗവ്വനപ്രാപ്തിയിലേക്കുള്ള പരിവർത്തനം.

ബി. സെക്കൻ്ററി ഘട്ടത്തിൽ നാലു വർഷത്തെ മൾട്ടി ഡിസിപ്ലിനറി പഠനമുൾപ്പെടുന്നതു വിഷയഗഹനതയിലും വിമർശനചിന്തയിലും ജീവിതാഭിലാഷങ്ങളെ ശ്രദ്ധിക്കുക എന്നതിലും വിദ്യാർത്ഥിക്കു സാധ്യതകൾ സൃഷ്ടിക്കുന്നു.

സി. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും പ്രക്രിയയും സമഗ്ര പഠനത്തിനു യോജിക്കും വിധം പുനക്രമീകരിക്കും. പാഠ്യഭാഗങ്ങളുടെ ഭാരം കുറച്ച് അടിസ്ഥാന ആശയങ്ങളും അത്യാവശ്യ ധാരണകളും മാത്രമാക്കുകയും, അങ്ങനെ ആഴത്തിലുള്ള അനുഭാവാധിഷ്ഠിതമായ പഠനത്തിനു പ്രാപ്തതയുണ്ടാക്കും.

ഡി. എല്ലാ വിദ്യാർഥികളും ഭാഷാശേഷി, ശാസ്ത്രമനോഭാവം, സൌന്ദര്യശാസ്ത്രത്തെയും കലയെയും പറ്റിയുള്ള ധാരണ, ആശയവിനിമയശേഷി, ധാർമിക യുക്തി, ഡിജിറ്റൽ സാക്ഷരത, ഇന്ത്യയെക്കുറിച്ചുള്ള അറിവ്, പ്രാദേശികസമൂഹങ്ങൾ നേരിടുന്ന നിർണ്ണായക പ്രശ്നങ്ങളെക്കുറിച്ചുള്ള അറിവ്, രാജ്യം, ലോകം എന്നിവയെക്കുറിച്ച് ധാരണ തുടങ്ങിയവ വികസിപ്പിച്ചെടുക്കുവാൻ പ്രോത്സാഹിപ്പിക്കും.

ഇ. അയവുള്ള ഒരു പാഠ്യപദ്ധതി - കർക്കശമായ വേർതിരിവുകളില്ലാത്ത പാഠ്യപദ്ധതി, സഹപാഠ്യപദ്ധതിയെന്നോ, പാഠ്യപദ്ധതിയിലുപരിയായ മേഖലയെന്നോ, കലയോ ശാസ്ത്രമോയെന്നില്ല 'വോക്കേഷണൽ', 'അക്കാദമിക' ശാഖകളെന്നുമില്ല - സെക്കൻ്ററി തലത്തിൽ വിദ്യാർത്ഥികൾക്കു ഇഷ്ടമനുസരിച്ച് തിരഞ്ഞെടുക്കുവാനുള്ള സൗകര്യമുണ്ടായിരിക്കും.

എഫ്. ഗ്രേഡ് 5 വരെയെങ്കിലും, കഴിയുമെങ്കിൽ 8-ാം ഗ്രേഡുവരെ, വിദ്യാഭ്യാസം പ്രാദേശികഭാഷ/മാതൃഭാഷയിലായിരിക്കും. ആവശ്യമെങ്കിൽ അയവുള്ള (ദ്വിഭാഷ) ഭാഷാസമീപനവും.

ജി. ആവശ്യമായതുപോലെയും സാധ്യമാവുന്നതിനനുസരിച്ചും ഉന്നതനിലവാരമുള്ള പാഠപുസ്തകങ്ങൾ ലഭ്യമാക്കും. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി പഠന സാമഗ്രികൾ വികസിപ്പിക്കും.

എച്ച്. ത്രിഭാഷാതത്വം അതിന്റെ ആത്മാവു ചോരാതെ രാജ്യം മുഴുവൻ നടപ്പാക്കും. ഭാഷാ അധ്യാപകരുടെ വികാസത്തിനും റിക്രൂട്ട് ചെയ്യുന്നതിനും പ്രത്യേക നടപടികൾ കൈക്കൊള്ളും.

ഐ. ഗ്രേഡ് 5-8 വരെയുള്ള എല്ലാ വിദ്യാർത്ഥികളും ഒരു വർഷത്തെ ദൈർഘ്യമുള്ള തൊഴിൽ നിപുണിയിലും ക്രാഫ്റ്റിലുമുള്ള സർവ്വേ കോഴ്സോടെ തൊഴിൽ പരിചയപ്പെടൽ നേരത്തേ ആരംഭിക്കും.. 9-12 വരെ ഗ്രേഡിലുള്ള കുട്ടികൾക്കു തൊഴിലധിഷ്ഠിത കോഴ്സുകളോടൊപ്പം കൂടുതൽ പരമ്പരാഗതമായ അക്കാദമിക് കോഴ്സുകളും തിരഞ്ഞെടുക്കാം - വിദ്യാർത്ഥികൾക്ക് അവരവർക്ക് താല്പര്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമുണ്ടാവും.

ജെ. നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് 2020 അവസാനത്തോടെ പുനപരിശോധിച്ച് പരിഷ്കരിക്കുകയും, എല്ലാ പ്രാദേശിക ഭാഷകളിലും ലഭ്യമാക്കുകയും ചെയ്യും. പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ഉന്നത ഗുണമേന്മയുള്ള തർജ്ജുമകൾ നടത്തുകയും ചെയ്യും.

കെ. വിദ്യാർത്ഥികളുടെ വികാസത്തെ പിന്തുണയ്ക്കും വിധം മൂല്യനിർണ്ണയത്തെ പരിവർത്തിപ്പിക്കും. എല്ലാ പരീക്ഷകളും (ബോർഡ് പരീക്ഷകളുൾപ്പെടെ) പ്രധാന സങ്കല്പനങ്ങളും നിപുണിയും ഒപ്പം ഉയർന്ന തലത്തിലുള്ള കഴിവുകളും പരിശോധിക്കും. 2025-ാമാണ്ടോടെ മിഡിൽസ്കൂൾ തലത്തിലും മുകളിലുമുള്ള മൂല്യനിർണ്ണയം യോജ്യമായ കമ്പ്യൂട്ടറൈസ്ഡ് പരിശോധനയിലൂടെയായിരിക്കും. 2020/2021 മുതൽക്കു അഭിരുചി ടെസ്റ്റുകളും നാനാവിഷയങ്ങളിലുള്ള ടെസ്റ്റുകളും നാഷണൽ ടെസ്റ്റിംഗ് ഏജെൻസി ആയിരിക്കും നടത്തുക. ഒരു വർഷം പലതവണ ഈ പരീക്ഷ എഴുതാൻ കഴിയും.

i. അസാമാന്യപ്രതിഭകളും വാസനകളും തിരിച്ചറിഞ്ഞ് സ്കൂൾ മുതൽ ജില്ലാതലം വരെയുള്ള വിഷയകേന്ദ്രീകൃതവും

പ്രോജക്ടടിസ്ഥാനത്തിലുമുള്ള ക്ലബ്ബുകളിലൂടെയും റസിഡൻഷ്യൽ വേനൽക്കാല പരിപാടികളിലൂടെയും ഒളിമ്പ്യാഡ്സ്, മറ്റു മത്സരങ്ങൾ എന്നിവയിലൂടെയും വളർത്തിയെടുക്കും.

5. അധ്യാപകർ - മാറ്റത്തിന്റെ ചൂട്ടുപിടിക്കുന്നവർ

ഉദ്ദേശ്യം: സ്കൂൾ വിദ്യാഭ്യാസത്തിലെ എല്ലാ തലങ്ങളിലുമുള്ള സർവ്വ വിദ്യാർത്ഥികളെയും തീക്ഷ്ണരായ, പ്രചോദിതരായ, ഉന്നതയോഗ്യതയുള്ള, പ്രൊഫഷണൽ പരിശീലനം സിദ്ധിച്ച സുസജ്ജരായ അധ്യാപകരാണു പഠിപ്പിക്കുന്നതെന്നു ഉറപ്പാക്കുക.

അദ്ധ്യാപകരെ സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട അംഗങ്ങളായും, മാറ്റത്തിന്റെ ചൂട്ടു പിടിക്കുന്നവരായും ഈ നയം വിഭാവനം ചെയ്യുന്നു. വിദ്യാഭ്യാസ ഗുണമേന്മ വളർത്താനുള്ള ഏതു പരിശ്രമത്തിന്റെയും വിജയം അദ്ധ്യാപകന്റെ ഗുണമേന്മയെ ആശ്രയിച്ചിരിക്കും

എ. പിന്നാക്ക പ്രദേശങ്ങൾ, ഗ്രാമീണ അല്ലെങ്കിൽ ഗോത്രപ്രദേശങ്ങളിൽ നിന്നുള്ള മികച്ച വിദ്യാർത്ഥികൾക്കു നാലുവർഷത്തെ സമഗ്ര ബിഎഡ് പ്രോഗ്രാമിനു ചേരാൻ സൗകര്യമൊരുക്കുന്നതിനു മികവു അടിസ്ഥാനമാക്കിയുള്ള സ്കോളർഷിപ്പുകൾ ഏർപ്പെടുത്തും. ചില സന്ദർഭങ്ങളിൽ അവരുടെ പ്രദേശങ്ങളിൽത്തന്നെ ജോലി ഉറപ്പാക്കും, പ്രത്യേകിച്ച് സ്ത്രീകൾക്ക്.

ബി. അധ്യാപക നിയമനം സ്കൂൾ ആവശ്യമനുസരിച്ചുള്ള ആസൂത്രണത്തെയടിസ്ഥാനമാക്കിയും കരുത്തുറ്റ ഒരു പ്രക്രിയയിലൂടെയുമായിരിക്കും - വൈവിധ്യം കാത്തുസൂക്ഷിച്ചും പ്രാദേശിക അധ്യാപകർക്കും പ്രാദേശിക ഭാഷയിൽ പ്രവീണ്യമുള്ളവർക്കു മുൻഗണന നൽകിയും. ആദ്യം പുനഃരൂപകല്പന ചെയ്ത ഒരു ടീച്ചർ എലിജിബിലിറ്റി ടെസ്റ്റും തുടർന്നു അഭിമുഖവും അധ്യാപന പ്രകടനവുമായിരിക്കും. അധ്യാപകരെ റിക്രൂട്ട് ചെയ്യുന്നത് ഇപ്പോൾ പല സംസ്ഥാനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നതുപോലെ
ജില്ലയ്ക്കുവേണ്ടിയായിരിക്കുകയും ഒരു സ്കൂൾ സമുച്ചയത്തിൽ നിയമിക്കുകയും മാതൃകാപരമായി ഒരു നിശ്ചിത ജോലിക്കാലവും സുതാര്യമായ സാങ്കേതികാടിസ്ഥാനത്തിലുള്ള ഒരു

വ്യവസ്ഥയിലൂടെയുള്ള നിയമാധിഷ്ഠിത സ്ഥലംമാറ്റങ്ങളുമുണ്ടായിരിക്കും. ഗ്രാമപ്രദേശങ്ങളിൽ പഠിപ്പിക്കുവാൻ അവർക്ക് പ്രോത്സാഹനം നൽകും.

സി. പാരാ അധ്യാപകർ (അയോഗ്യരായ കരാർ അധ്യാപകർ) എന്ന ഏർപ്പാട് 2022-ാമാണ്ടോടെ നിർത്തലാക്കും.

ഡി. തുടർച്ചയായ അധ്യാപക പ്രൊഫഷണൽ വികസനം, ഒരു അയവാർന്ന മോഡ്യൂലർ സമീപനാടിസ്ഥാനത്തിലായിരിക്കും. അധ്യാപകർ തന്നെ അവർ എന്തു പഠിക്കണം, എങ്ങനെ പഠിക്കണമെന്ന് തിരഞ്ഞെടുത്ത് തുടക്കക്കാരായ അധ്യാപകർക്കു ഇൻഡക്ഷൻ നൽകുവാൻ ശ്രദ്ധിക്കുന്നതോടൊപ്പം മാർഗ്ഗനിർദ്ദേശ പ്രക്രിയകളും ഏർപ്പെടുത്തും.

സംസ്ഥാനങ്ങൾ ഓരോ അധ്യാപകനും ഇഷ്ടപ്രകാരമുള്ള പ്രൊഫഷണൽ വികാസത്തിനും അതിന്റെ ഗതി പിന്തുടരുന്നതിനും സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഒരു സമ്പ്രദായം കൈക്കൊള്ളണം. പാഠ്യപദ്ധതിയുണ്ടാക്കാൻ കേന്ദ്രീകൃതമായൊന്നുമുണ്ടാവില്ല,. കാസ്കേഡ് (രമരെമറല) മാതൃകയിലുള്ള പരിശീലനമോ കർക്കശമായ മാനദണ്ഡങ്ങളോ ഉണ്ടാവില്ല.

ഇ. അധ്യാപകന്റെ ജോലി സൗകര്യപ്പെടുത്തുന്നതിനു ആവശ്യാനുസരണമുള്ള ഭൗതികസാഹചര്യം, സൗകര്യങ്ങൾ, പഠനവിഭവങ്ങൾ, ഒപ്പം താല്പര്യപ്പെടുന്ന വിദ്യാർത്ഥി-അധ്യാപക അനുതാപവും ഉറപ്പാക്കും. എല്ലാ കുട്ടികളും പഠിക്കുന്നുണ്ടെന്നു ഉറപ്പാക്കാൻ അധ്യാപകരെ സഹായിക്കുന്ന റെമഡിയൽ പ്രോഗ്രാമുകൾ എല്ലാ തലത്തിലും ഏർപ്പെടുത്തും.

എഫ്. എല്ലാ അധ്യാപകർക്കും സ്കൂൾ സമയത്തുള്ള പാഠ്യേതര പ്രവൃത്തികളുടെ രൂപത്തിലുള്ളവയുടെ (ഉച്ചഭക്ഷണ പാചകം, സ്കൂളിൽ വിതരണം ചെയ്യേണ്ടുന്ന വസ്തുക്കളുടെ സംഭരണം മുതലായവ) തടസപ്പെടുത്തലില്ലാതെ പഠിപ്പിക്കാൻ കഴിയണം. മറിച്ച്, കാരണം കൂടാതെയും ലീവ് അനുവദിച്ചിരിക്കുമ്പോഴുമല്ലാതെ

സ്കൂളിൽ ഹാജരാകാതിരിക്കുന്നതിനു അധ്യാപകർ സ്വയം ഉത്തരവാദികളായിരിക്കും.

ജി. ഓരോ ഹെഡ് അധ്യാപകനും/സ്കൂൾ പ്രിൻസിപ്പലും സ്കൂളിനകത്തെ ദൃഢമായ വികാസപ്രക്രിയകൾക്കും സഹായകമായ സ്കൂൾ സംസ്കാരം കെട്ടിപ്പടുക്കുന്നതിനും ഉത്തരവാദികളായിരിക്കും. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെ സൂക്ഷ്മ സംവേദനക്ഷമമാക്കുകയും അത്തരം സംസ്കാരത്തെ പിന്തുണയ്ക്കുവാൻ സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം അനുകൂലമായി മാറ്റിക്കൊടുക്കുകയും ചെയ്യും.

എച്ച്. എല്ലാ വിദ്യാർത്ഥികളുടെയും ഉൾപ്പെടുത്തൽ ഉറപ്പാക്കുന്നതിനു അധ്യാപകർക്കും അവരെ പഠിപ്പിക്കുന്നവർക്കും ഉന്നത ഗുണമേന്മയുള്ള പഠന സാമഗ്രികൾ എല്ലാ ഇന്ത്യൻ ഭാഷകളിലുണ്ടാവുന്നതിനു മുന്തിയ പരിഗണന നൽകും.

ഐ. നിലവിൽ അക്കാദമിക് സഹായം നൽകിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്കു നവവീര്യം നൽകി ശക്തിപ്പെടുത്താൻ ശ്രദ്ധാപൂർവ്വമായ പദ്ധതിക്കു മുൻഗണന നൽകും.

ജെ. മിനിമം വർഷത്തെ അധ്യാപന പരിചയം നേടിയ എല്ലാ അധ്യാപകർക്കും വിദ്യാഭ്യാസ ഭരണ നിർവ്വഹണത്തിലോ അധ്യാപന വിദ്യാഭ്യാസത്തിലേക്കോ പ്രവേശിക്കുവാൻ സാധിക്കും. കാലം ചെല്ലുമ്പോൾ എല്ലാ വിദ്യാഭ്യാസ ഭരണനിർവ്വഹണ പദവികളും അതിൽ താല്പര്യമുള്ള മികച്ച അധ്യാപകർക്കായി മാറ്റി വയ്ക്കും.

6. രാജ്യത്തെ ഓരോ കുട്ടിക്കും തുല്യവും ഉൾപ്പെടുത്തുന്നതുമായ വിദ്യാഭ്യാസം

ഇന്ത്യയിലെ എല്ലാ കുട്ടികൾക്കും പ്രയോജനം ലഭിക്കുന്ന, ജന്മ സാഹചര്യം കാരണമോ പശ്ചാത്തലം കൊണ്ടോ പഠിക്കുവാനും മികവു നേടാനുമുള്ള അവസരം ഒരു കുട്ടിക്കും നഷ്ടപ്പെടാതിരിക്കുന്ന, വിദ്യാഭ്യാസ സമ്പ്രദായത്തിനു രൂപം നൽകുവാൻ ഈ നയം ലക്ഷ്യമിടുന്നു.

ഉദ്ദേശ്യം: 2030-ാമാണ്ടോടെ എല്ലാ കുട്ടികൾക്കും പഠിക്കുന്നതിനും അഭിവൃദ്ധിപ്പെടുന്നതിനും തുല്യാവസരങ്ങളുണ്ടായിരിക്കും. എല്ലാ ജെണ്ടറുകളിലും സാമൂഹികവിഭാഗങ്ങളിലുമുള്ളവരുടെ പങ്കാളിത്തവും പഠനപരിണാമവും സമതുലിതമാക്കി തുല്യവും ഉൾപ്പെടുത്തുന്നതുമായ വിദ്യാഭ്യാസം കൈവരിക്കുക.

എ. പ്രാരംഭ ബാല്യകാലവിദ്യാഭ്യാസം, അടിസ്ഥാന സാക്ഷരതയും സംഖ്യാജ്ഞാനവും, സ്കൂൾ സൗകര്യം, പ്രവേശനം, ഹാജർ എന്നിവയുമായി ബന്ധപ്പെട്ട നയ നടപടിക്രമങ്ങൾക്കു അതീവ ശ്രദ്ധ നൽകുകയും ഒപ്പം കുറഞ്ഞ പ്രതിനിധാനമുള്ള വിഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കു സഹായവും.

ബി. രാജ്യത്തെമ്പാടുമുള്ള പ്രതികൂല മേഖലകളിൽ പ്രത്യേക വിദ്യാഭ്യാസ മേഖലകൾ സ്ഥാപിക്കും. വ്യക്തമായ സാമൂഹിക വികസനത്തിന്റെയും സാമൂഹിക സാമ്പത്തിക സൂചകങ്ങളെയും അടിസ്ഥാനമാക്കി സംസ്ഥാനങ്ങളെ ഈ മേഖലകൾ പ്രഖ്യാപിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും, കേന്ദ്ര സർക്കാർ, സംസ്ഥാനം ചെലവിടുന്ന ഓരോ രൂപയ്ക്കും 2:1 എന്ന അനുപാതത്തിൽ സാമ്പത്തിക സഹായം നൽകുകയും ചെയ്യും. പ്രധാന വസ്തുതയെന്തെന്നാൽ, ഈ മേഖലകളുടെ മേൽ നിയമത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം പ്രവർത്തിക്കുകയും പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങളെ സംഘടിതമായി ഉൾപ്പെടുത്തുകയും ഒപ്പം കേന്ദ്ര സംസ്ഥാനങ്ങളുടെ ഏറ്റവുമടുത്ത സംയുക്ത വിലയിരുത്തലും.

സി. ചില പ്രധാനപ്പെട്ട മുൻകൈയെടുക്കലുകൾ, അധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കൽ - തുടർച്ചയായി അവരുടെ സൂക്ഷ്മ സംവേദനക്ഷമത വർദ്ധിപ്പിക്കുക, വിദ്യാഭ്യാസപരമായി കുറഞ്ഞ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള വിഭാഗങ്ങൾക്കു ബദൽ റിക്രൂട്ട്മെന്റ് പാത സൃഷ്ടിക്കുക, സ്കൂളുകളിലെ വിദ്യാർത്ഥി-അധ്യാപക അനുപാതം നിയന്ത്രിച്ച് പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള പഠിതാക്കളുടെ അനുപാതം 25:1 എന്നതിൽ കൂടാതെയും ഒപ്പം ഉൾപ്പെടുത്തുന്ന സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുവാൻ പീഡനങ്ങളും ജെൻഡറടിസ്ഥാനത്തിലുള്ള അക്രമങ്ങളും പരിഹരിക്കാനുള്ള സംവിധാനങ്ങളേർപ്പെടുത്തുക, എക്സ്ക്ലൂഷണറി പ്രവൃത്തികൾ

ഒഴിവാക്കി പാഠ്യക്രമം ഇൻക്ലൂസീവാക്കാൻ അതു പരിഷ്കരിക്കുക എന്നിവയാണ്.

ഡി. നാഷണൽ റിപ്പോസിറ്ററി ഓഫ് എജുക്കേഷനൽ ഡേറ്റ ഓരോ വിദ്യാർത്ഥിയെയും സംബന്ധിക്കുന്ന ഏറ്റവും പുതിയ വിവരം സൂക്ഷിക്കും. ഒപ്പം കേന്ദ്ര വിദ്യാഭ്യാസ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തുന്ന ഡാറ്റാവിശകലനങ്ങളും.

ഇ. വിദ്യാർത്ഥികൾക്കു വ്യക്തിഗത സ്കോളർഷിപ്പു നൽകുവാൻ പ്രത്യേകം സൃഷ്ടിച്ച ഒരു ദേശീയ ഫണ്ടിലൂടെ സാമ്പത്തികസഹായം നൽകുന്നതിനു നയം വിഭാവനം ചെയ്യുന്നു. ഒപ്പം പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങളിൽ നിന്നുവരുന്ന വിദ്യാർത്ഥികൾക്കു വിഭവങ്ങളും സൗകര്യങ്ങളും വികസിപ്പിക്കുകയും ഇൻക്ലൂഷനുവേണ്ടി ജില്ലയിലെ സ്ഥാപനങ്ങൾ അവർക്കു കരഗതമാക്കുന്നതിനു ടാർജെറ്റ് ചെയ്ത ഫണ്ടിംഗും പിന്തുണയും നൽകും. ബദൽരീതിയിലുള്ള പിന്തുണയെന്നതു നാഷണൽ ട്യൂട്ടേഴ്സ് പ്രോഗ്രാം, റെമഡിയൽ ഇൻസ്ട്രക്ഷൻ എയ്ഡസ് പ്രോഗ്രാം, ഉച്ചഭക്ഷണത്തിനു പുറമെയുള്ള രാവിലത്തെ ഭക്ഷണം, പ്രത്യേക ഇന്റേൺഷിപ്പ് അവസരങ്ങൾ എന്നിവ ഉൾപ്പെടും. ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിനുള്ള ഗവേഷണത്തിനു ഫണ്ടിംഗ് നടത്തും.

എഫ്. സ്കൂൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയുമിടയ്ക്കുള്ള ജെൻഡർ അസന്തുലിതാവസ്ഥ പരിഹരിക്കുവാൻ സ്ത്രീകളുടെ പങ്കാളിത്തവും പെൺകുട്ടികളുടെ വിദ്യാഭ്യാസവും, പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ളവർ മതാടിസ്ഥാനത്തിലുള്ള വിഭാഗങ്ങൾ എന്നിവർക്കു അവരുടെ കുട്ടികൾക്കുവേണ്ടി പ്രത്യേകം മാറ്റിവെച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്കുതന്നെ ലഭ്യമാവുന്നുണ്ടെന്നതു ഉറപ്പാക്കാൻ അവർക്ക് വിദ്യാഭ്യാസം, ദരിദ്രമായ നഗരപ്രദേശങ്ങളിൽ ജീവിക്കുവാൻ അവിടുന്നുള്ള കുട്ടികളെ സഹായിക്കുന്നതിനു നഗരത്തിലെ ദരിദ്രകുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കു വിദ്യാഭ്യാസം, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെയും ട്രാൻസ്ജെൻഡർ കുട്ടികളുടെയും വിദ്യാഭ്യാസം, ഒപ്പം അയൽവക്ക സ്കൂളുകളിൽ അടിസ്ഥാന ഘട്ടം മുതൽ 12-ാം ഗ്രേഡുവരെയുള്ള മുഖ്യധാരയിൽപ്പെടുന്ന കുട്ടികൾക്കുള്ള തുടർച്ചയായ ശ്രദ്ധ ആവർത്തിച്ചുള്ള ഊന്നൽ എന്നിവ ഈ നയത്തിന്റെ ഉദാഹരിക്കാവുന്ന ഇടപെടലുകളാണ്.

## 7. സ്കൂൾ വിദ്യാഭ്യാസ ഭരണനിർവഹണം സ്കൂൾ സഞ്ചയങ്ങളിലൂടെ

ഉദ്ദേശ്യം: വിഭവങ്ങൾ പങ്കിടുന്നതിനും സ്കൂൾ ഭരണം കൂടുതൽ പ്രാദേശികവും ഫലപ്രദവും കാര്യക്ഷമവുമാകുവാനുമുള്ള സൗകര്യത്തിനു സ്കൂളുകളെ സ്കൂൾസഞ്ചയങ്ങളായി തിരിക്കുന്നു.

സ്കൂൾസഞ്ചയങ്ങളുടെ സ്ഥാപനം പല വിഭവദാരിദ്ര്യപ്രശ്നങ്ങളും ലഘൂകരിക്കുവാൻ കഴിയും. പ്രത്യേകിച്ച് ഇപ്പോൾ ചെറിയ സ്കൂളുകൾ അഭിമുഖീകരിക്കുന്നവ. അനേകം പൊതു സ്കൂളുകളെ സംഘടനാപരവും ഭരണപരവുമായ ഒറ്റ യൂണിറ്റാക്കുന്നതിനാൽ, സ്കൂളുകളെ ഭൗതികമായി സ്ഥലം മാറ്റേണ്ടതില്ലാതെ, വിദ്യാർത്ഥികൾക്കു ലഭ്യതാപ്രശ്നം ഒത്തുതീർപ്പാക്കാതെ തന്നെ ഫലപ്രദമായ ഭരണനിർവ്വഹണ യൂണിറ്റുകൾ സൃഷ്ടിക്കുവാൻ ഇത് സഹായിക്കും.

എ. സംസ്ഥാന സർക്കാരുകൾ 2023-ാമാണ്ടോടെ സ്കൂളുകളെ ജനസംഖ്യാവിതരണത്തിന്റെയും കണക്ടിവിറ്റിയുടെയും മറ്റു പ്രാദേശിക പരിഗണനകളുമനുസരിച്ച് സഞ്ചയങ്ങളായി തിരിക്കും. ഈ വേർതിരിക്കൽ പ്രവൃത്തിയിൽ വളരെ കുറഞ്ഞ എൻട്രോൾമെന്റുള്ള സ്കൂളുകളുടെ (ഉദാ: 20 വിദ്യാർത്ഥികൾ) അവലോകനവും സംയോജനവും കൂടി ഉൾപ്പെടും. അതേസമയം ഈ പ്രക്രിയയിലൂടെ ലഭ്യതയ്ക്കു കോട്ടം തട്ടാതിരിക്കാൻ ഗതാഗതം ഏർപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിക്കും. നിലവിലെ സ്കൂളുകളുടെ പദവി വിലയിരുത്തുവാൻ സംസ്ഥാനങ്ങൾക്കുള്ള ഒരു അവസരം കൂടിയായിരിക്കുമിത്.

ബി. സ്കൂൾ സഞ്ചയങ്ങൾ ചെറിയ സ്കൂളുകളുടെ ഒറ്റപ്പെടൽ അവസാനിപ്പിക്കുകയും അക്കാദമികവും ഭരണപരവുമായി ഒരുമിച്ചു പ്രവർത്തിക്കുവാനും പരസ്പരം സഹായിക്കുവാനും കഴിയുന്ന അധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും ഒരു പുതിയ സമൂഹം

സൃഷ്ടിക്കുകയും ചെയ്യും. പൊതു സ്കൂൾ സമ്പ്രദായത്തിന്റെ പ്രാഥമിക ഭരണനിർവ്വഹണ യൂണിറ്റായിരിക്കും സ്കൂൾ സഞ്ചയം.

സി. ഒരു സ്കൂൾസഞ്ചയമെന്നതു ഏകദേശം 10-20 പൊതുസ്കൂളുകളുടെ ഒരു ക്ലസ്റ്ററായിരിക്കും. ഇതു പ്രാരംഭഅടിസ്ഥാനഘട്ടം മുതൽ 12-ാം ഗ്രേഡുവരെ അടുത്തടുത്തുള്ളതും തുടർച്ചയായതുമായ ഒരേ ഭൂപ്രദേശത്തു വിദ്യാഭ്യാസം നൽകും. സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പലായിരിക്കും സ്കൂൾസഞ്ചയത്തിന്റെ തലവൻ.

ഡി. ഓരോ സ്കൂൾസഞ്ചയവും ഓരോ അർധസ്വയംഭരണ യൂണിറ്റും അടിസ്ഥാനഘട്ടം മുതൽ 12-ാം ഗ്രേഡുവരെ ഒരു സെക്കൻഡറി സ്കൂളും (ഗ്രേഡ് 9-12) അയൽവക്കങ്ങളിൽ അടിസ്ഥാന പ്രിപ്പറേറ്ററിയും മിഡിൽസ്കൂൾ വിദ്യാഭ്യാസവും നൽകുന്ന എല്ലാ പൊതു സ്കൂളുകളും അടങ്ങുന്നതുമായിരിക്കും.

ഇ. സ്കൂളുകളെ സ്കൂൾസഞ്ചയങ്ങളായി തിരിക്കുന്നതു വിഷയ അധ്യാപകർ, കായിക-കലാ അധ്യാപകർ, കൗൺസലർമാർ, സോഷ്യൽ വർക്കേഴ്സ് എന്നിവയടക്കമുള്ള റിസോഴ്സസ് സ്കൂളുകൾക്കു പങ്കിട്ടെടുക്കുവാൻ സൗകര്യമുണ്ടാക്കും. ലാബാറട്ടറികൾ, ലൈബ്രറികൾ, ഐ.സി.റ്റി. ഉപകരണം, സംഗീതോപകരണങ്ങൾ, സ്പോർട്സ് ഉപകരണം, കളിസ്ഥലങ്ങൾ എന്നീ ഭൗതികവിഭവങ്ങൾ നന്നായി സംഘടിതമായി പങ്കുവെച്ചു പൊതുസൗകര്യവിഭവങ്ങളുടെ പരമാവധി ഉപയോഗത്തിലേക്കു നയിക്കുവാനും കഴിയും.

എഫ്. മൂന്നുകൊല്ലത്തെ പ്രാരംഭ അടിസ്ഥാനവിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും വയോജനവിദ്യാഭ്യാസവും നൽകുന്ന സ്ഥാപനങ്ങൾ, അധ്യാപകസഹായ സ്ഥാപനങ്ങൾ, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളെ സഹായിക്കുന്ന, ജോലികളിൽ പരസ്പരം സഹായിക്കുവാൻ കഴിയുന്ന, അടുത്തടുത്തുള്ള ഒരു ഭൂപ്രദേശത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതുമായവ ഉൾപ്പെടുന്ന, യോജിച്ചുപോവുന്ന, വിദ്യാഭ്യാസ സൗകര്യങ്ങൾ സൃഷ്ടിക്കുകയെന്നതാണ് ഉദ്ദേശ്യം. ജില്ലയിലെ ഉന്നതവിദ്യാഭ്യാസ

ഇൻസ്റ്റിറ്റ്യൂട്ടും പിന്തുണ നൽകും. (ഉദാ: അധ്യാപക പ്രൊഫഷണൽ വികസനം).

g. ഓരോ സമുച്ചയത്തിനും ഒരു സമഗ്ര അധ്യാപക വികസന പദ്ധതി ആവിഷ്കരിക്കുകയും, ആഴ്ച തോറുമുള്ള മീറ്റിംഗുകൾ, അദ്ധ്യാപകർക്കു പഠിക്കുവാനുള്ള കേന്ദ്രങ്ങൾ എന്നീ പ്രക്രിയയിലൂടെ ഒരുമിച്ചിരുന്നു പഠിക്കുന്ന സമന്മാരുടെ സമൂഹങ്ങളെ ബോധപൂർവം വളർത്തി നിലനിർത്തും. കൂടാതെ സെമിനാറുകൾ, ക്ലസ്സിനുള്ളിൽ വച്ച് നൽകുന്ന മാർഗനിർദ്ദേശങ്ങൾ (mentoring), വ്യക്തീകരണത്തിനായുള്ള സന്ദർശനങ്ങൾ എന്നീ മറ്റു മാതൃകകളിലുള്ള തുടർ പ്രൊഫണൽ വികസനത്തിനും ഏർപ്പാടുണ്ടാവും.

h. സമുച്ചയത്തിലെ എല്ലാ സ്കൂളുകളിൽ നിന്നുമുള്ളതും സമുച്ചയത്തിനോടു ചേർന്നുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളതും, വയോജന വിദ്യാഭ്യാസ കേന്ദ്രം, ക്ലസ്റ്റർ വിഭവ കേന്ദ്രം എന്നിവ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ളതുമായ പ്രതിനിധികളടങ്ങുന്ന സ്കൂൾ സമുച്ചയ മാനേജ് കമ്മിറ്റി, ഓരോ സ്കൂൾ സമുച്ചയത്തിനുണ്ടാവും. സംസ്ഥാനത്തിലും അതിന്റെ സ്ഥാപനങ്ങളിലും സ്കൂളിന്റെ പേരിൽ ഇടപെട്ടു സമ്പർക്കുവാൻ കമ്മിറ്റിയെ ശാക്തീകരിക്കും. അദ്ധ്യാപകരുടെ പ്രവൃത്തി നിർവഹണത്തിലും (പെർഫോർമൻസ് മാനെജ്മെന്റ്) ഇതു കേന്ദ്ര പങ്ക് വഹിക്കും.

i. ഓരോ സ്കൂളും ആവിഷ്കരിക്കുന്ന അവരുടെ പദ്ധതികൾ സ്കൂൾ സമുച്ചയ്തിന്റെ പദ്ധതി വികസിപ്പിക്കാൻ ഉപയോഗിക്കും. അതു സ്കൂൾവിദ്യാഭ്യാസ വകുപ്പ് സാക്ഷ്യപ്പെടുത്തണം. സ്കൂൾ സമ്പ്രദായത്തിന്റെ മേൽനോട്ടത്തിനും അതിന്റെ പ്രവർത്തനത്തിനും ശാക്തീകരണത്തിനും ഓരോ ജില്ലയിലും ജില്ലാ വിദ്യാഭ്യാസ കൌൺസിൽ/ ജില്ലാ ശിക്ഷാ പരിഷത് ഉണ്ടായിരിക്കും.

8. സ്കൂൾ നിയന്ത്രണം

ലക്ഷ്യം: സത്യനിഷ്ഠയും സുതാര്യതയും ഉറപ്പു വരുത്തുകയും ഗുണനിലവാരവും നവീനതയും നിലനിർത്തുന്ന ഫലപ്രദമായ നിയന്ത്രണങ്ങളിലൂടെയും അക്രഡിറ്റേഷൻ സംവിധാനങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാനങ്ങളുടെ പരിണതഫലങ്ങൾ തുടർച്ചയായി മെച്ചപ്പെടുത്തികൊണ്ടു ഇന്ത്യയിലെ സ്കൂൾ സമ്പ്രദായം ഊർജ്ജിതപ്പെട്ടുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസ അഭിവൃദ്ധിയെ നയിക്കുന്നതാവണം നിയന്ത്രണങ്ങൾ. അത് ഇന്ത്യൻ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തെ ഊർജസ്വലമാക്കണം.

എ. താൽപര്യസംഘട്ടനം ഒഴിവാക്കാൻ സ്കൂളുകളുടെ നിയന്ത്രണവും നടത്തിപ്പും (സേവനം നൽകൽ) ഏറ്റെടുക്കുന്നത് വ്യത്യസ്ത സമിതികളായിരിക്കും. നയരൂപീകരണത്തിനും, നിയന്ത്രണത്തിനും നടത്തിപ്പിനും അക്കാദമിക് കാര്യങ്ങൾക്കും വ്യക്തമായ വേറെ സമ്പ്രദായങ്ങളുണ്ടായിരിക്കും.

ബി. സംസ്ഥാനത്തിന്റെ മുഴുവൻ പൊതുസ്കൂൾ സമ്പ്രദായത്തിന്റെ നടത്തിപ്പ് സ്കൂൾവിദ്യാഭ്യാസ ഡയറക്റ്ററേറ്റ് കൈകാര്യം ചെയ്യുമ്പോൾ, സംസ്ഥാന സ്കൂൾ റഗുലേറ്ററി അതോറിറ്റി എന്ന പേരിൽ ക്വാസി ജുഡീഷ്യൽ പദവിയുള്ള ഒരു സ്വതന്ത്ര സംസ്ഥാന തല നിയന്ത്രണ സമിതി ഓരോ സംസ്ഥാനത്തിനു വേണ്ടിയും സൃഷ്ടിക്കും.

സി. സ്കൂൾ ക്വാളിറ്റി അസസ്സ്മെന്റും അക്രെഡിറ്റേഷൻ ഫ്രെയിംവർക്കും തീരുമാനിക്കുന്ന അക്രെഡിറ്റേഷൻ സമ്പ്രദായത്തെ അടിസ്ഥാനമാക്കിയായിരിക്കും നിയന്ത്രണം. ഈ ചട്ടക്കൂടു അടിസ്ഥാന മാനദണ്ഡങ്ങൾ മാത്രമെ പരിഗണിക്കുകയുള്ളു. അനന്തരം സ്കൂൾ നടത്തിപ്പ് ആരംഭിക്കാൻ നിർദ്ദേശം കൊടുക്കും. സ്കൂളുകൾ സ്വയംഅക്രഡിറ്റ് ചെയ്യുമ്പോൾ, ഓഡിറ്റിനുള്ള ഒരു സംവിധാനം ഏർപ്പാടാക്കും. ഈ പ്രക്രിയ പൊതു സ്കൂളുകൾക്കും സ്വകാര്യ സ്കൂളുകൾക്കും ബാധകമായിരിക്കും.

ഡി. നിയന്ത്രണ നിർവഹണം നിലവിലുള്ള പോലെ പരിശോധനാത്മകം ആയിരിക്കില്ല. പകരം, പൊതു മണ്ഡലത്തിൽ സ്കൂളുകളുമായി

ബന്ധപ്പെട്ട എല്ലാ പ്രസക്തമായ വിവരങ്ങളും ലഭ്യമാണെന്നിരിക്കെ, രക്ഷകർത്താക്കൾ ഫലത്തിൽ റെഗുലേറ്റർമ്മാരാവും

ഇ. അക്കാദമി കാര്യങ്ങൾ, നിലവാരവും കരിക്കുലവും നിർണ്ണയിക്കുന്നതുമുൾപ്പടെയുള്ളയ്ക്കു നേതൃത്വം നൽകുന്നതു SCERT ( സ്റ്റേറ്റ് കൌൺസിൽ ഓഫ് എഡുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്) ആയിരിക്കും. സ്കൂൾ വിട്ട് തലത്തിൽ വിദ്യാർത്ഥികളുടെ പ്രാപ്തി അർത്ഥവത്തായ പരീക്ഷകൾ നടത്തി സാക്ഷ്യപ്പെടുത്തുന്നതു സംസ്ഥാനത്തെ പരീക്ഷാ/സർട്ടിഫിക്കേഷൻ ബോർഡുകൾ കൈകാര്യം ചെയ്യും. എന്നിരുന്നാലും പാഠ്യപദ്ധതി നിർണ്ണയിക്കുന്നതിൽ അവർക്കു ഒരു പങ്കും ഉണ്ടായിരിക്കുന്നതല്ല (പാഠപുസ്തകങ്ങളുൾപ്പടെ)

എഫ്. സ്വകാര്യ പരോപകാരതൽപര സ്കൂളുകളെ പ്രോത്സാഹിപ്പിക്കുകയും നിയന്ത്രണത്തിന്റെ അമിത ഭാരത്തിൽ നിന്നും സ്വതന്ത്രമാക്കുകയും ചെയ്യുമ്പോഴും, സ്കൂളുകൾ വാണിജ്യ സംരംഭങ്ങളായി നടത്തുവാൻ ശ്രമിക്കുന്ന സ്വകാര്യ നടത്തിപ്പുകാരെ തടയുകയും ചെയ്യും

ജി. പൊതുസ്വകാര്യസ്കൂളുകളെ നിയന്ത്രിക്കുന്നത് ഒരേ മാനദണ്ഡങ്ങളിലൂടെയും അളവുകോലുകളിലൂടെയും, പ്രക്രിയകളിലൂടെയും ആയിരിക്കും. പോതുബോധമുള്ള സ്വകാര്യ സ്കൂളുകളെയും സ്വകാര്യ പരോപകാരതൽപര സംരംഭങ്ങളെയും ഒരുമിച്ചു പ്രോത്സാഹിപ്പിക്കും.

എച്. എസ്.സി. ഇ ആർ.ടി. ഓരോ സംസ്ഥാനത്തിനും വേണ്ടി സ്കൂൾ ക്വാളിറ്റി അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ ഫ്രെയിംവർക്ക് വികസിപ്പിക്കും. ഈ സംവിധാനം സംസ്ഥാന സ്കൂൾ റെഗുലേറ്ററി അതോറിറ്റി, അതിന്റെ സ്കൂളുകളുടെ നിയന്ത്രണത്തിനായി അക്രഡിറ്റേഷൻ അടിസ്ഥാനമാക്കിയുള്ള സമ്പ്രദായത്തിലൂടെ ഉപയോഗിക്കും.

# ഉന്നത വിദ്യാഭ്യാസം

1. പുതിയ സ്ഥാപനങ്ങളുടെ രൂപകൽപന

**ഉദ്ദേശ്യം**: ഉന്നതവിദ്യാഭ്യാസവ്യവസ്ഥ നവീകരിക്കുക, രാജ്യത്തുടനീളം ലോകനിലവാരത്തിലുള്ള സ്ഥാപനങ്ങൾക്ക് രൂപം നൽകുക - 2035 ആകുമ്പോഴേക്കും ഗ്രോസ് എന്രോൽമെന്റ് റേഷിയോ(Gross Enrolment Ratio) അമ്പതു ശതമാനമായെങ്കിലും വർദ്ധിപ്പിക്കുക.

ബൃഹത്തും ഉത്തമവിഭവശേഷിയുള്ളതും ഊര്ജസ്വലവും വിവിധവിജ്ഞാനശാഖകളോടുകൂടിയതുമായ സ്ഥാപനങ്ങളായാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ പുതിയ ദർശനവും രൂപകല്പനയും വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള 800 സർവകലാശാലകളും 40000 കോളേജുകളും ഏകീകരിച്ച് 15000ത്തോളം ശ്രേഷ്ഠസ്ഥാപനങ്ങളാക്കും.

എ. ഈ പുതിയ ഉന്നതവിദ്യാഭ്യാസരൂപകൽപന, അദ്ധ്യാപനത്തിനും ഗവേഷണത്തിനുമായി, വലുതും ഉത്തമവിഭവശേഷിയുള്ളതും ഊര്ജസ്വലവും സ്വയംഭരണശേഷിയുള്ളതും വിവിധ വിജ്ഞാനശാഖകൾ ഉള്ളതുമായ സ്ഥാപനങ്ങൾ സൃഷ്ടിക്കുകയും, ശക്തമായ വിദ്യാഭ്യാസ സമൂഹങ്ങൾ സൃഷ്ടിക്കവേ തന്നെ അതിന്റെ വ്യാപനവും ത്രാണിയും സാരമായി വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. പല മേഖലകളിലും വിജ്ഞാനശാഖകളിലുമായി വ്യാപിച്ചു കിടക്കുന്ന അധ്യാപനപരിപാടികളോടുകൂടിയതും വിവിധ ശിക്ഷണമേഖലകളുള്ളതുമായ സ്ഥാപനങ്ങളായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മാറും.

ബി. ഊന്നൽ കൊടുക്കുന്ന വിഷയം ഏതെന്നത് കൊണ്ട് വ്യത്യസ്തമായ, എല്ലാം തന്നെ ഉന്നതനിലവാരം പുലർത്തുന്ന, മൂന്നു തരം സ്ഥാപനങ്ങളാണ് ഉണ്ടാവുക.

- ടൈപ്പ് 1 ഊന്നൽ കൊടുക്കുന്നത് എല്ലാ വിഷയങ്ങളിലും ലോകനിലവാരമുള്ള ഗവേഷണത്തിലും ഉന്നതനിലവാരമുള്ള അദ്ധ്യാപനത്തിലുമാണ്.

- ടൈപ്പ് 2 ഊന്നൽ കൊടുക്കുന്നത് എല്ലാ വിഷയങ്ങളിലും ഗവേഷണത്തിന് സാരമായ സംഭാവനയോട് കൂടിയ ഉന്നതനിലവാരമുള്ള അദ്ധ്യാപനത്തിലാണ്.
- ടൈപ്പ് 3 അണ്ടർ ഗ്രാജുവേറ്റ് തലത്തിൽ ഊന്നി എല്ലാ വിഷയങ്ങളിലുമുള്ള ഉന്നതനിലവാരസ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് മുൻഗണന നൽകും.

സി. നിലവിലുള്ള സ്ഥാപനങ്ങളെ എകീകരിച്ചും പുന:സംഘടിപ്പിച്ചും പുതിയവ നിർമ്മിച്ചുമാണ് ഈ പുന:സംഘടന നടത്താൻ ഉദ്ദേശിക്കുന്നത്. ഈ സ്ഥാപനരൂപകൽപന ത്വരിതപ്പെടുത്തുന്നതിനായി മിഷൻ നളന്ദയും മിഷൻ തക്ഷശിലയും നടപ്പിലാക്കും. ഇതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്ടിട്യൂട്ട് ഓഫ് ലിബറൽ ആർട്സ്/ മൾട്ടി ഡിസിപ്ലിനറി എജുക്കേഷൻ ആൻഡ് റിസേർച്ച് യൂണിവേർസിറ്റികൾ തുടങ്ങിയ ചില ഗതിക്രമീകരണത്തിനുതകുന്നതരം സ്ഥാപനങ്ങളും സ്ഥാപിച്ചേക്കാം.

ഡി എല്ലാ സ്ഥാപനങ്ങളും സർവകലാശാലകളോ ബിരുദം കൊടുക്കുന്ന സ്വയംഭരണ കോളേജുകളോ ആയിരിക്കും.

ഇ. നീതിയുക്തവും സുതാര്യവുമായ വ്യവസ്ഥിതിയിലൂടെ പൊതുഉന്നതവിദ്യാഭ്യാസത്തെ വികസിപ്പിക്കാനും ഉണർവുള്ളതാക്കാനും വലിയ തോതിൽ പൊതുനിക്ഷേപം ഉണ്ടായിരിക്കും.

എഫ് ഭൂമിശാസ്ത്രപരമായി പ്രതികൂലസാഹചര്യത്തിലുള്ള പ്രദേശങ്ങളിൽ ഉന്നതനിലവാരമുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് മുൻഗണനയുണ്ടാകും.

ജി. ഈ പുതിയ സ്ഥാപനരൂപകൽപന പ്രൊഫഷണൽ മേഖലകൾ ഉൾപ്പെടെ എല്ലാ മേഖലകളെയും ചൂഴ്ന്ന് നിൽക്കുന്ന ഒന്നായിരിക്കും.

2. **ഉന്നതനിലവാരത്തിലുള്ള സാർവവിഷയകമായ(ലിബറൽ) വിദ്യാഭ്യാസത്തിലുള്ള ഊന്നൽ**.

**ഉദ്ദേശ്യം**: എല്ലാ വിദ്യാർഥികളുടെയും സമഗ്രവികസനത്തിനുള്ള അടിത്തറയെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിലും മേഖലകളിലും നിയതമായ വൈദഗ്ധ്യത്തോടെ കൂടുതൽ ഭാവനാസമ്പന്നവും വിശാലമായ അടിസ്ഥാനമുള്ളതുമായ ഒരു സാർവവിഷയക വിദ്യാഭ്യാസത്തിലേക്ക് നീങ്ങുക.

സമഗ്രവികസനത്തിനുള്ള അടിത്തറയെന്ന നിലയിൽ സാർവവിഷയക വിദ്യാഭ്യാസം എന്ന സമീപനമായിരിക്കും എല്ലാ അണ്ടർഗ്രാജുവേറ്റ് പ്രോഗ്രാമുകളുടെയും സവിശേഷത. തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിലും മേഖലകളിലും നിയതമായ വൈദഗ്ധ്യം വാഗ്ദാനം ചെയ്യുന്ന ഭാവനാപരവും ഭേദഗതികൾ സാധ്യമായതുമായ പഠനപദ്ധതി, വിജ്ഞാനശാഖകളുടെ സർഗാത്മകമായ സങ്കലനം, സംയോജിതപരിപാടികൾക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ അനേകങ്ങളായ എൻട്രി-എക്സിറ്റ് പോയിന്റുകൾ എന്നിവയിലൂടെയായിരിക്കും ഇത് നടപ്പാക്കുക.

.

എ. ഭരണഘടനാപരമായ മൂല്യങ്ങൾ വളർത്താൻ ഉദ്ദേശിച്ചുള്ള വിശാലമായ ബഹുശിക്ഷണ(multi-disciplinary) പ്രകാശനമുള്ള ലിബറൽ വിദ്യാഭ്യാസമായിരിക്കും ഉന്നതവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം. ഇത്, പ്രധാനപ്പെട്ട ജീവിതത്രാണികൾ, ശിക്ഷണപരമായ നിയതമായ ധാരണ, സാമൂഹ്യ-ധാർമിക ഇടപാടുകളിലെ നൈതികത എന്നിവ വികസിപ്പിക്കും. പ്രൊഫഷണൽ വോക്കേഷണൽ മേഖലകളിൽ അടക്കം എല്ലാ വിജ്ഞാനശാഖകളിലും, പരിപാടികളിലും, മേഖലകളിലും, അണ്ടർഗ്രാജുവേറ്റ് തലത്തിലെ സമീപനം ഇതായിരിക്കും.

ബി. ഐ ഐ ടി കളുടെ മാതൃകയിലും നിലവാരത്തിലും കേന്ദ്രം പത്ത് ലിബറൽ ആർട്സ്/ മൾട്ടി ഡിസിപ്ലിനറി എജുക്കേഷൻ ആൻഡ് റിസേർച്ച് യൂണിവേർസിറ്റികൾ സ്ഥാപിക്കും.

സി. ഭാവനാപരവും വഴക്കമുള്ളതുമായ പഠനപദ്ധതികൾ കൊണ്ട് വിജ്ഞാനശാഖകളുടെ സർഗാത്മകമായ സങ്കലനവും ഒന്നിലധികം പ്രയോജനകരമായ എന്ട്രി-എക്സിറ്റ് പോയിന്റ്റുകളും വിദ്യാർഥികൾക്ക് നൽകും. ഇത് വഴി ഇപ്പോൾ നിലവിലുള്ള കർക്കശമായ അതിരുകൾ തകർക്കുകയും ജീവിതകാലം മുഴുവനുള്ള പഠനത്തിനുള്ള സാധ്യതകൾ സൃഷ്ടിക്കുകയും ചെയ്യും. ഗ്രാജുവേറ്റ് തലത്തിലുള്ള പഠനത്തിൽ നിയതവും ഗവേഷണത്തെ അടിസ്ഥാനമാക്കിയുള്ളതുമായ വൈദഗ്ധ്യം സാധ്യമാക്കും.

ഡി. അണ്ടർഗ്രാജുവേറ്റ് ബിരുദങ്ങൾ 3 അല്ലെങ്കിൽ 4 കൊല്ലം ദൈർഘ്യം ഉള്ളതായിരിക്കും. ഈ കാലയളവിനുള്ളിൽ സ്ഥാപനങ്ങൾ യോജ്യമായ സർട്ടിഫിക്കേഷനുകളോടെ ഒന്നിലധികം എക്സിറ്റ് പോയിന്റ്റുകൾ നൽകും, ഒരു വിജ്ഞാനശാഖയിലോ മേഖലയിലോ (വോക്കേഷണൽ പ്രൊഫഷണൽ മേഖലകൾ ഉൾപ്പെടെ) രണ്ടുകൊല്ലത്തെ പഠനം കഴിയുമ്പോൾ ഒരു അഡ്വാൻസ്ഡ് ഡിപ്ലോമ, ഒരു കൊല്ലം പൂർത്തിയാകുമ്പോൾ ഒരു സർട്ടിഫിക്കറ്റ് എന്നിങ്ങനെ.

ഇ. 4-വർഷ പ്രോഗ്രാം സാർവവിഷയക വിദ്യാഭ്യാസത്തിന്റെ മുഴുവൻ വ്യാപ്തിയും അനുഭവിക്കാൻ ഉള്ള അവസരം വിദ്യാർഥികൾക്കു നൽകും. തെരഞ്ഞെടുത്ത മേജർ മൈനർ വിഷയങ്ങളിലുള്ള 'ബാച്ചിലർ ഓഫ് ലിബറൽ ആർട്സ്' എന്നായിരിക്കും ഇത് അറിയപ്പെടുക. 3-വർഷ പ്രോഗ്രാം ഒരു ബാച്ചിലേർസ് ഡിഗ്രി നൽകും. വിദ്യാർഥി ഗവേഷണം ചെയ്യുകയാണെങ്കിൽ രണ്ടു പ്രോഗ്രാമുകളിലൂടെയും 'ഓണേഴ്സ്' ഡിഗ്രി ലഭിക്കും.

എഫ്. ചില പ്രൊഫഷണൽ ശാഖകളിൽ (ഉദാഹരണത്തിന് ടീച്ചർ എജുക്കേഷൻ, എന്ജിനീയറിംഗ്, മെഡിസിൻ, നിയമം) അണ്ടർഗ്രാജുവേറ്റ് തലത്തിൽ നാല് കൊല്ലം ( അതോ അതിലധികമോ) കാലയളവ് വേണമെന്ന് നിർബന്ധമാകും.

ജി. വ്യത്യസ്ത മാതൃകകളിലുള്ള മാസ്റ്റേഴ്സ് പ്രോഗ്രാമുകളും സ്ഥാപനങ്ങൾക്കു നടത്താവുന്നതാണ്. ഉദാഹരണം: രണ്ടാമത്തെ കൊല്ലം പൂർണ്ണമായി ഗവേഷണത്തിന് ഉദ്ദേശിച്ചുള്ള 2-കൊല്ലം ദൈർഘ്യമുള്ള പ്രോഗ്രാം, 3 കൊല്ലത്തെ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം കഴിഞ്ഞവർക്കായുള്ള 5-കൊല്ലം ദൈർഘ്യമുള്ള സമഗ്ര മാസ്റ്റേഴ്സ്

പ്രോഗ്രാം; 4 കൊല്ലത്തെ 'ഓണേഴ്സ്' അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം കഴിഞ്ഞവർക്കായുള്ള കഴിഞ്ഞവർക്കായുള്ള ഒരു കൊല്ലത്തെ മാസ്റ്റേഴ്സ് പ്രോഗ്രാം.

എച്ച്. പി എച് ഡി പ്രോഗ്രാമിന് ചേരുവാൻ ഒരു മാസ്റ്റേഴ്സ് ബിരുദമോ, 4 കൊല്ലത്തെ 'ഓണേഴ്സ്' അണ്ടർ ഗ്രാജുവേറ്റ് ബിരുദമോ വേണം. എം ഫിൽ പ്രോഗ്രാം നിർത്തലാക്കുന്നതാണ്.

3. **പഠനത്തിനു അനുയോജ്യമായ സാഹചര്യം ഉണ്ടാക്കുക**

**ഉദ്ദേശ്യം**: പ്രസാദാത്മകവും നിയതവും പ്രത്യുത്തരാത്മകവുമായ പഠനപദ്ധതി, ആകർഷകവും ഫലപ്രദവുമായ അദ്ധ്യാപനം, പഠനം ഉത്തമീകരിക്കുവാനും വിദ്യാർഥികളുടെ ആകമാനമായ വികസനത്തിനും ജാഗരൂകമായ പിന്തുണ എന്നിവ ഉറപ്പു വരുത്തുക.

ഉരുവിട്ട് പഠിക്കലിലും യാന്ത്രിക പ്രക്രിയകളിലും നിന്നും അകന്ന് ഒരു ജനാധിപത്യത്തിലെ സക്രിയരായ പൌരന്മാരായും ഏതു മേഖലയിലെയും വിജയികളായ പ്രൊഫഷണലുകളായും സംഭാവനകൾ നൽകാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്ന രീതിയിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ പഠനപദ്ധതിയും അദ്ധ്യാപനശാസ്ത്രവും മാറും.

എ. വിവിധ മേഖലകളിലും വിജ്ഞാനശാഖകളിലും നൽകപ്പെടുന്ന ഡിഗ്രി/ഡിപ്ലോമ/സർട്ടിഫിക്കേഷനുകളുമായി ബന്ധപ്പെട്ടുള്ള പഠനപരിണാമങ്ങളുടെ രൂപരേഖ സൃഷ്ടിക്കുന്ന ഊർജസ്വലവും നിയതവുമായ പഠനപദ്ധതികൾ 'നാഷണൽ ഹയർ എജുക്കേഷൻ

ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്കി'ന്റെ മാർഗനിർദേശത്തിലായിരിക്കും വികസിപ്പിക്കുന്നത്. അക്കാദമിക/പ്രൊഫഷണൽ/വോക്കേഷണൽ മേഖലകളിൽ തുല്യതയും ചലക്ഷമതയും ഉറപ്പുവരുത്താൻ ഈ പദ്ധതി 'നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്കു'മായി കൂട്ടുചേർക്കും.

ബി. 'ചോയിസ് ബെയ്സ്ഡ് ക്രെഡിറ്റ് സിസ്റ്റം' പുതുക്കി മെച്ചപ്പെടുത്തി കൂടുതൽ നവീകരണത്തിനു വഴിയൊരുക്കും.

സി. ഫലപ്രദമായ അധ്യാപനരീതികളിലൂടെ ഉന്മേഷകരമായ പഠനാനുഭവങ്ങൾ സാധ്യമാക്കും. എല്ലാ വിദ്യാർഥികൾക്കും സാമൂഹ്യപ്രവൃത്തികൾക്ക് അർത്ഥവത്തായ അവസരങ്ങൾ ഉണ്ടാക്കും. അക്കാദമികവശങ്ങളിൽ മാത്രമല്ല വിദ്യാർഥിയുടെ മറ്റു കഴിവുകളിലും പ്രകൃതങ്ങളിലും അടിസ്ഥാനമാക്കിയുള്ള മൂല്യനിർണ്ണയം ഉണ്ടാകും.

ഡി. കൂടുതൽ മെച്ചപ്പെട്ട ഫലം ലഭിക്കാനായി വിദ്യാർഥികൾക്കു അക്കാദമിക, സാമ്പത്തിക, വൈകാരിക പിന്തുണ ലഭ്യമാക്കും.

ഇ. ഗ്രോസ് എന്രോല്മെന്റ് റേഷിയോ അമ്പതു ശതമാനത്തിലെത്തിക്കുന്നതിൽ പ്രധാനപ്പെട്ട പങ്കു വഹിച്ചു കൊണ്ട് ഓപ്പൺ പഠനം, വിദൂരപഠനം എന്നിവ വികസിപ്പിക്കും. ഓൺലൈൻ ഡിജിറ്റൽ റിപ്പോസിറ്ററി, ഗവേഷണത്തിനുള്ള ഫണ്ട്, മെച്ചപ്പെട്ട വിദ്യാർഥി സേവനം, MOOCകളുടെ ക്രെഡിറ്റ്-ബെയ്സ്ഡ് അംഗീകാരം തുടങ്ങിയ നടപടികൾ നടപ്പിലാക്കി ഇവ ഏറ്റവും ഉന്നതനിലവാരത്തിലുള്ള ക്ലാസ്റൂമിനു തുല്യമാക്കുമെന്നു ഉറപ്പുവരുത്തും.

എഫ്. സ്ഥാപനങ്ങളുടെ കൂട്ടുപ്രവര്ത്തനത്തിലൂടെയും അധ്യാപക-വിദ്യാർഥി സഞ്ചരണത്തിലൂടെയും വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവൽക്കരണം നടപ്പാക്കും. തെരഞ്ഞെടുത്ത ഇന്ത്യൻ സർവകലാശാലകളിൽ അന്താരാഷ്ട്ര വിദ്യാഭ്യാസത്തിനുള്ള ഒരു അന്തർ-സർവകലാശാലാ കേന്ദ്രം കൊണ്ടുവരും.

## 4. ഊര്‍ജസ്വലരും, പ്രതിജ്ഞാബദ്ധരും യോഗ്യതയുള്ളവരുമായ ഫാക്കൽട്ടി

**ഉദ്ദേശ്യം:** ശ്രേഷ്ഠമായ അദ്ധ്യാപനത്തിനും ഗവേഷണത്തിനുമായി ഊർജസ്വലരാക്കപ്പെട്ട ഉയർന്ന യോഗ്യതയും ആഴത്തിലുള്ള പ്രതിജ്ഞാബദ്ധതയുമുള്ള ശാക്തീകരിക്കപ്പെട്ട ഫാക്കൽട്ടി.

ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിജയത്തിന്റെ പിന്നിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം അവിടത്തെ ഫാക്കൽട്ടിയുടെ പ്രതിജ്ഞാബദ്ധതയും കഴിവുമാണ്. ഈ നയം ഫാക്കൽട്ടിയെ ഉന്നതവിദ്യാഭ്യാസത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് തിരികെക്കൊണ്ടുവരുന്നു.

എ. എല്ലാ സ്ഥാപനങ്ങളിലും ആവശ്യാനുസാരം ഫാക്കൽട്ടി ഉണ്ടായിരിക്കും. ഇത് വഴി വിഷയം മേഖല എന്നിവ സംബന്ധിച്ച എല്ലാ ആവശ്യങ്ങളും സാധിക്കുന്നു എന്നുറപ്പുവരുത്തുകയും അഭിലഷണീയമായ ഒരു അദ്ധ്യാപക-വിദ്യാർഥി അനുപാതം (30:1 എന്നതിൽ കൂടാത്ത രീതിയിൽ) നിലനിർത്തുകയും, വൈവിദ്ധ്യം ഉറപ്പു വരുത്തുകയും ചെയ്യും.

ബി. നിലവിലുള്ള സമീപനമായ താൽക്കാലിക, കരാർ നിയമനങ്ങൾ ഉടൻ തന്നെ നിർത്തലാക്കും.

സി. പൊതുസേവനത്തിനുള്ള മനോഭാവം, പഠിപ്പിക്കാനുള്ള കഴിവ്, അക്കാദമിക വൈദഗ്ധ്യം എന്നിവയെ ആസ്പദമാക്കിയായിരിക്കും ഫാക്കൽട്ടിയെ തെരഞ്ഞെടുക്കുക.

ഡി. ഫാക്കൽട്ടിയ്ക്കായി യുക്തമായി രൂപരേഖ ചെയ്ത സ്ഥിരജോലിയ്ക്കായുള്ള (tenure) ട്രാക്ക് സിസ്റ്റം നിലവിൽ വരും. ഇത് 2030 ആകുമ്പോഴേക്കും സ്വകാര്യ സ്ഥാപനങ്ങളിൽ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലും പൂർണ്ണ പ്രവർത്തനത്തിൽ ഉണ്ടായിരിക്കും.

ഇ. അവരുടെ കോഴ്സുകൾക്ക് വേണ്ടുന്ന പാഠപദ്ധതി തെരഞ്ഞെടുക്കുവാനും അക്കാദമിക സ്വാതന്ത്ര്യത്തോടെ ഗവേഷണം നടത്തുവാനും ഫാക്കൽട്ടിയെ ശാക്തീകരിക്കും.

എഫ്. എല്ലാ സ്ഥാപനങ്ങളും അവരുടെ ഫാക്കൽട്ടിക്കായി തുടർച്ചയായ ഒരു പ്രൊഫഷണൽ വികസന പദ്ധതി രൂപപ്പെടുത്തുകയും അതിന്റെ നടത്തിപ്പിനായി ഒരു പ്രക്രിയ നിർണ്ണയിക്കുകയും ചെയ്യും. ഈ പദ്ധതിയിൽ അതാതു മേഖല/വിജ്ഞാനശാഖയിലെയും അദ്ധ്യാപനശാസ്ത്രത്തിലെയും, ഗവേഷണത്തിലെയും ശേഷീവികാസവും പ്രവൃത്തി പരിചയവും ഉൾപ്പെടുത്തണം.

ജി. ഫാക്കൽട്ടിയുടെ നിയമനം, വികാസം, തൊഴിലിലുള്ള അഭിവൃദ്ധി, കൊമ്പൻസേഷൻ മാനെജ്മെന്റ്, എന്നിവ ഓരോ സ്ഥാപനത്തിന്റെയും സ്ഥാപന വികസന പദ്ധതിയുടെ ഭാഗമായിരിക്കും.

**5. ശാക്തീകരിക്കപ്പെട്ട ഭരണനിർവഹണവും സ്വയംഭരണവും**

**ഉദ്ദേശ്യം:** യോഗ്യതയും ധാർമികതയുമുള്ള നേതൃത്വത്തോടുകൂടിയ ഉന്നതവിദ്യാഭ്യാസമേഖലയിലെ സ്വതന്ത്രസ്വഭാവമുള്ള സ്വയംഭരണസ്ഥാപനങ്ങൾ

ഉന്നത നിലവാരമുള്ള വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ബോധ്ദീപ്തമായ ഒരു സംസ്കാരത്തിനുള്ളിൽ സാധ്യമായ ബൌദ്ധികമായ ഉദ്ദീപനം ആവശ്യമാണ് - ഈ സംസ്കാരത്തെ

നിർണ്ണയിക്കുന്നത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണനിർവഹണവും.

എ. പൂർണ്ണമായ അക്കാദമികവും ഭരണപരവുമായ സ്വയംഭരണാധികാരമുള്ള **സ്വതന്ത്ര ബോർഡുകളാവും** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണനിർവഹണം നടത്തുക. ബോർഡിന്റെ രൂപീകരണവും, അദ്ധ്യക്ഷൻ, വൈസ് ചാൻസലർ/ഡയരക്ടർ/ചീഫ് എന്നിവരുടെ നിയമനവും സർക്കാരിൽ നിന്നുൾപ്പെടെയുള്ള ബാഹ്യ ഇടപെടലുകൾ ഒഴിവാക്കുമെന്ന് ഉറപ്പുവരുത്തും. കൂടാതെ സ്ഥാപനത്തോട് പ്രതിജ്ഞാബദ്ധതയും ഉയർന്ന പ്രാപ്തിയുമുള്ള വ്യക്തികളുമായുള്ള കരാറുകളും സാധ്യമാക്കും.

ബി. എല്ലാ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും **സ്വയംഭരണാവകാശമുള്ള ഇടങ്ങളാകും**, അംഗീകാരം എന്ന സമ്പ്രദായം നിർത്തലാക്കും. 'അംഗീകാരമുള്ള കോളേജുകൾ' സ്വയംഭരണാവകാശമുള്ള ബിരുദം നൽകുന്ന കോളേജുകളാകും. 'അംഗീകാരം നൽകുന്ന സർവകലാശാലകൾ' ഊർജസ്വലമായ വിവിധവിജ്ഞാനശാഖകളുള്ള സ്ഥാപനങ്ങളായി വികസിക്കും.

**സി. സ്വകാര്യ-പൊതു സ്ഥാപനങ്ങൾ** ഭരണവ്യവസ്ഥയ്ക്ക് കീഴിൽ **ഒരേപോലെ കരുതപ്പെടും**.വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണം നിർത്തലാക്കും, മനുഷ്യത്വപരമായ സംരംഭങ്ങൾ പ്രോല്സാഹിക്കപ്പെടും.

**ഡി. പദ്ധതിയിലും** അതിന്റെ സംസ്കാരം, ചട്ടക്കൂട്, രീതി എന്നിവയിലും **സ്വയംഭരണാവകാശം രൂഢമൂലമാക്കും**. ഫാക്കൽട്ടിക്കു അക്കാദമിക സ്വാതന്ത്ര്യവും 'അധ്യാപനശാസ്ത്രസമീപനം, വിദ്യാർഥി മൂല്യനിർണ്ണയം, എന്നിവയിൽ ഉൾപ്പെടെ കരിക്കുലർ ശാക്തീകരണവും ഉണ്ടാകും. പ്രോഗ്രാമുകൾ തുടങ്ങാനും നടത്താനും, കരിക്കുലം, വിദ്യാർഥികളുടെ എണ്ണം, പഠനവിഭവങ്ങൾ തുടങ്ങിയവ തീരുമാനിക്കാനും, ഭരണനിർവഹണവും മനുഷ്യവിഭവനിർവഹണവും ഉൾപ്പെടെയുള്ള അവരുടെ ആഭ്യന്തരക്രമങ്ങൾ വികസിപ്പിക്കാനും ഉള്ള സ്വാതന്ത്ര്യവും ഇതിൽ ഉൾപ്പെടുന്നു.

## 6. റെഗുലേറ്ററി സമ്പ്രദായത്തിന്റെ പരിവർത്തനം

**ഉദ്ദേശ്യം:** ഉന്നതവിദ്യാഭ്യാസത്തിൽ ശ്രേഷ്ഠതയും നിസ്വാർത്ഥതയും പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന ഫലപ്രദവും പ്രാപ്തവും പ്രത്യുത്തരാത്മകവുമായ നിയമം.

നല്ല ഭരണനിർവഹണത്തിനൊപ്പം പൊതുബോധം, നീതി, ശ്രേഷ്ഠത, സാമ്പത്തികസ്ഥിരത, ആർജ്ജവം എന്നിവ ഉറപ്പുവരുത്തുവാനായി നിയമം മിതത്വമുള്ളതും പ്രത്യുത്തരാത്മകവുമാകും.

എ. നിലവാരം നിശ്ചയിക്കൽ, ഫണ്ട് കണ്ടെത്തൽ, അംഗീകാരം, നിയമം മൂലമുള്ള നിയന്ത്രണം തുടങ്ങിയ വ്യവഹാരങ്ങൾ സ്വതന്ത്ര സമിതികൾ വേർതിരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ അധികാര കേന്ദ്രീകരണവും താൽപര്യ സംഘട്ടനവും ഒഴിവാകുന്നു.

ബി. പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള എല്ലാ ഉന്നതവിദ്യാഭ്യാസത്തിനും നാഷണൽ ഹയർ എജുക്കേഷൻ റെഗുലേറ്ററിയായിരിക്കും ഏക വ്യവസ്ഥാപകൻ. നിലവാരം നിശ്ചയിക്കുന്നതിൽ ഏർപ്പെട്ടിട്ടുള്ള നിലവിലുള്ള എല്ലാ റെഗുലേറ്ററി സംഘടനകളും പ്രൊഫഷണൽ സ്റ്റാൻഡേർഡ് സെറ്റിംഗ് സംഘടനകളാകും.

സി. ഇന്ന് നിലവിലുള്ള യൂണിവേർസിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഹയർ എജുക്കേഷൻ ഗ്രാന്റ്സ് കൌൺസിൽ ആയി മാറും.

ഡി. ജനറൽ എജുക്കേഷൻ കൌൺസിൽ നിലവിൽ വരികയും ഉന്നതവിദ്യാഭ്യാസത്തിന്റെ പരിണതഫലങ്ങൾ അഥവാ 'ഗ്രാജുവേറ്റ് ആറ്റ്രിബ്യൂട്ട്സ്' നിർവചിക്കാനായി 'നാഷണൽ ഹയർ എജുക്കേഷൻ ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക്' വികസിപ്പിക്കുകയും ചെയ്യും.വികസിപ്പിക്കുകയും, ആ പ്രക്രിയയെ

**ഇ. അടിസ്ഥാനഘടകങ്ങളെ ആസ്പദമാക്കിയുള്ള അംഗീകാരമായിരിക്കും നിയമത്തിന്റെ അടിസ്ഥാനം.** നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൌൺസിലിന്റെ ആഭിമുഖ്യത്തിൽ അക്രഡിറ്റേഷൻ സ്ഥാപനങ്ങളുടെ ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുകയും ആ പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യും.

എഫ്. പൊതു-സ്വകാര്യ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൊതുവായ ഒരു റെഗുലേറ്ററി ഭരണക്രമം ആയിരിക്കും.

സ്വകാര്യമേഖലയിൽ മനുഷ്യത്വപരമായ സംരഭങ്ങൾ പ്രോല്സാഹിപ്പിക്കപ്പെടും.

ജി. പോളിസി തലത്തിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ സംസ്ഥാന വകുപ്പുകൾ പങ്കെടുക്കും. സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൌൺസിലുകൾ സമാനരുടെ പിന്തുണയും നല്ല മാതൃകകളുടെ പങ്കുവയ്ക്കലും സാധ്യമാക്കും.

# അദ്ധ്യാപക വിദ്യാഭ്യാസം

1. **കൃത്യതയോടെയുള്ള അദ്ധ്യാപക മുന്നൊരുക്കം.**

**ഉദ്ദേശ്യം:** ഉള്ളടക്കം, അദ്ധ്യാപനശാസ്ത്രം, പ്രയോഗം എന്നിവയിൽ ഏറ്റവും നല്ല ഗുണമേന്മയുള്ള പരിശീലനം കൊടുക്കുന്നു എന്ന് ഉറപ്പ് വരുത്തുക. ഇതിനായി അദ്ധ്യാപക വിദ്യാഭാസ സമ്പ്രദായത്തെ മൾട്ടി-ഡിസിപ്ലിനറി കോളെജുകളിലെക്കും സർവകലാശാലകളിലേക്കും മാറ്റുകയും, സ്കൂൾ ടീച്ചർമാർക്ക് ചുരുങ്ങിയ വിദ്യാഭ്യാസ യോഗ്യതയായി നാലു കൊല്ലത്തെ സമഗ്ര ബിരുദ പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

ധാർമികമായും, ബൌധികമായും നിയതമായ തൊഴിലാണ് അധ്യാപനം. പുതിയ അദ്ധ്യാപകർക്ക് കൃത്യമായ തയ്യാറെടുപ്പ് ആവശ്യമാണ്. നിലവിൽ അധ്യാപനരംഗത്തുള്ളവർക്കാകട്ടെ തുടർച്ചയായ പ്രൊഫഷണൽ വികസനവും, അക്കാദമികവും പ്രൊഫഷണലുമായ പിന്തുണയും ആവശ്യമാണ്.

a. അദ്ധ്യാപകവൃത്തിക്കുള്ള മുന്നൊരുക്കമായ **4 കൊല്ലം ദൈർഘ്യമുള്ള സമഗ്ര ബാച്ലർ ഓഫ് എജുക്കേഷൻ പദ്ധതി** അണ്ടർ ഗ്രാജുവേറ്റ് തലത്തിൽ, മൾട്ടി ഡിസിപ്ലിനറി സ്ഥാപനങ്ങളിൽ, വിജ്ഞാനശാഖ എന്ന നിലയിലും അധ്യാപക പരിശീലനപരമായ കോഴ്സുകളായും രണ്ടും ഉൾപ്പെടുത്തി നടപ്പാക്കും. ഈ പദ്ധതി നിശ്ചിതമായ ഘട്ടങ്ങളും നിശ്ചിതമായ വിഷയങ്ങളും ഉള്ളതായിരിക്കുകയും പ്രി-സ്കൂൾ മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ആർട്സ്, സ്പോർട്സ് തുടങ്ങി എല്ലാ വിഷയങ്ങളിലും, വോക്കേഷണൽ വിദ്യാഭ്യാസം, സ്പെഷ്യൽ വിദ്യാഭ്യാസം തുടങ്ങിയവയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന അദ്ധ്യാപകർക്ക് തയ്യാറെടുപ്പ് നൽകുന്നതാണ്.
b. 4 വർഷ ബി എഡ് ബിരുദം മറ്റു അണ്ടർ ഗ്രാജുവേറ്റ് ബിരുദങ്ങൾക്ക് തുല്യമായിരിക്കയും, 4 വർഷ ബി എഡ് ബിരുദം ഉള്ളവർ മാസ്റ്റേഴ്സ് ബിരുദപദ്ധതിക്ക് ചേരാൻ അർഹാരായിരിക്കുകയും ചെയ്യും.

c. നിലവിലുള്ള 2 കൊല്ലത്തെ ബി എഡ് ബിരുദപദ്ധതി 2030 വരെ തുടരും. അതിനു ശേഷം 4 വർഷ അദ്ധ്യാപക മുന്നൊരുക്ക പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ രണ്ടു കൊല്ലത്തെ ഇതേ പദ്ധതി നടത്തുവാൻ സാധിക്കൂ. ഇത് ബിരുദമുള്ളവർക്ക് ചേരാവുന്നതാണ്.
d. 2030 കഴിഞ്ഞാൽ മറ്റൊരു തരത്തിലുള്ള പ്രീ-സർവീസ് അദ്ധ്യാപക മുന്നൊരുക്ക പരിപാടികളും ഉണ്ടായിരിക്കുന്നതല്ല.
e. മൾട്ടി ഡിസിപ്ലിനറി സ്ഥാപനങ്ങളിൽ മാത്രമേ ഇത്തരം അദ്ധ്യാപക മുന്നൊരുക്ക പദ്ധതികൾ ഉണ്ടാവുകയുള്ളൂ. ഉത്തമമായ പ്രീ-സർവീസ് അദ്ധ്യാപക മുന്നൊരുക്ക പദ്ധതികൾക്ക് എല്ലാവിജ്ഞാനശാഖകളിലും വിദഗ്ധരെ ആവശ്യമുണ്ട്. വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ, പഠനവിഷയം, അദ്ധ്യാപനശാസ്ത്രം എന്നിവ കൃത്യതയോടെ മനസ്സിലാക്കാനും, ശക്തമായ സൈദ്ധാന്തിക-പ്രാവർത്തിക ബന്ധം ഉണ്ടാകുവാനും വിദഗ്ധരുടെ ഒരു ശ്രേണി തന്നെ വേണം. അതും വിദ്യാഭ്യാസത്തിന്റെ കാതലായ മേഖലകളിലും സ്കൂൾ വിഷയങ്ങളിലും. ഒപ്പം സ്കൂളുകളുടെ ഒരു ശൃംഖലയും ആവശ്യമാണ്.
f. നിലവാരമില്ലാത്തതും, പ്രവർത്തനരഹിതവുമായ അധ്യാപന വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചു പൂട്ടും.

# പ്രൊഫഷണൽ വിദ്യാഭ്യാസം

1. **പ്രൊഫഷണൽ വിദ്യാഭ്യാസത്തെ ഉന്നതവിദ്യാഭ്യാസത്തിലേക്ക് ചേർത്ത് പുതുക്കുക, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു പുതുജീവൻ നൽകുക.**

**ഉദ്ദേശ്യം:** പ്രൊഫഷണലുകളെ തയ്യാറെടുപ്പിക്കുന്ന പ്രക്രിയയിലേക്ക് ഒരു സമഗ്ര സമീപനം സൃഷ്ടിക്കുക. ഇതിനായി ഉന്നതനിലവാരത്തിലുള്ള പ്രൊഫഷണൽ കഴിവുകൾ കൂടാതെ വിവിധ മേഖലകളിൽ കാര്യക്ഷമതയും, ഇരുപത്തൊന്നാം നൂറ്റാണ്ടിനു വേണ്ടുന്ന നൈപുണ്യവും, സമൂഹവും-മനുഷ്യനും ചേർന്ന പശ്ചാത്തലത്തെക്കുറിച്ചുള്ള ധാരണ, ശക്തമായ ധാർമിക മണ്ഡലങ്ങൾ എന്നിവയും ഉണ്ടെന്നു ഉറപ്പു വരുത്തുക.

പൊതു താല്പര്യമെന്നതിന്റെ നൈതികതയിലും പ്രാധാന്യത്തിലും, നിശ്ചിതവിഷയത്തിലും, പ്രവൃത്തി പരിചയത്തിലും ഉള്ള വിദ്യാഭ്യാസം ഉൾപ്പെടുത്തി വേണം പ്രൊഫഷണലുകളെ തയ്യാറെടുപ്പിക്കാൻ. അതുകൊണ്ടുതന്നെ പ്രത്യേകത എന്ന ഏകാന്തതയിൽ നടക്കേണ്ടതല്ല പ്രൊഫഷണൽ വിദ്യാഭ്യാസം.

എ. പൊതുവായ ഉന്നതവിദ്യാഭ്യാസവ്യവസ്ഥിതിയുടെ സർവപ്രധാനഭാഗമാണ് പ്രൊഫഷണൽ വിദ്യാഭ്യാസം. സാങ്കേതികസർവകലാശാലകൾ, ആരോഗ്യസർവകലാശാലകൾ, നിയമ, കാർഷികസർവകലാശാലകൾ, അതുപോലെ ഈ

മേഖലകളിലോ മറ്റു മേഖലകളിലോ ഉള്ള ഒറ്റപ്പെട്ട ഇത്തരം സ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കുന്നത് നിർത്തലാക്കും. പ്രൊഫഷണൽ അല്ലെങ്കിൽ പൊതുവിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾ 2030ആകുമ്പോഴേക്കും സ്വാഭാവികമായി ഇവ രണ്ടും ഒരുമിച്ചു സുഗമമമായി നൽകുന്ന സ്ഥാപനങ്ങൾ ആയി മാറണം.

ബി. കൃഷിയും അതിന്റെ വിഷയങ്ങളും സംബന്ധിച്ച വിദ്യാഭ്യാസം പുനരുജ്ജീവിപ്പിക്കും. രാജ്യത്തെ സർവകലാശാലകളിൽ 9% കാർഷിക സർവകലാശാലകൾ ആണെങ്കിലും, കൃഷിയും സംബന്ധ ശാസ്ത്രങ്ങളും പഠിക്കുന്നവർ ഉന്നതവിദ്യാഭ്യാസത്തിന് ചേരുന്നവരിൽ 1% മാത്രമാണ്. സാങ്കേതികശാസ്ത്രവും അതിന്റെ വ്യവഹാരങ്ങളും സാധ്യമാക്കുന്ന നൂതനമായ ഗവേഷണത്തിലും കമ്പോളത്തെ അടിസ്ഥാനമാക്കിയുള്ള എക്സ്റ്റൻഷൻ പരിപാടികളിലും, കൂടുതൽ നിപുണത ആർജ്ജിച്ച ബിരുദധാരികളും സാങ്കേതിക വിദഗ്ദ്ധരും വഴി കൃഷിയിലെ ഉത്പാദനക്ഷമത മെച്ചപ്പെടുത്താൻ വേണ്ടി കൃഷിയും സംബന്ധ ശാസ്ത്രങ്ങളും പഠിക്കുന്നവരുടെ എണ്ണവും ഗുണനിലവാരവും സാരമായി മെച്ചപ്പെടുത്തേണ്ടതുണ്ട്. കൃഷി മൃഗചികിത്സാശാസ്ത്ര മേഖലകളിലെ പ്രൊഫഷണലുകളെ പൊതുവിദ്യാഭ്യാസവുമായി സമന്വയിപ്പിച്ച പദ്ധതികളിലൂടെ സന്നദ്ധമാക്കാനുള്ള പ്രാപ്തി ഗണ്യമായി വർദ്ധിപ്പിക്കും. തദ്ദേശമായ അറിവുകൾ, പാരമ്പര്യ ജ്ഞാനം, നൂതന സാങ്കേതിക വിദ്യ എന്നിവ മനസ്സിലാക്കാനും ഉപയോഗിക്കാനും ഉള്ള കഴിവ് ഉള്ളപ്പോൾ തന്നെ കൃഷിഭൂമിയുടെ ക്ഷയിക്കുന്ന ഉൽപ്പാദനക്ഷമത, കാലാവസ്ഥാവ്യതിയാനം, വർദ്ധിക്കുന്ന ജനസംഖ്യക്ക് വേണ്ടിവരുന്ന ഭക്ഷണപര്യാപ്തത, തുടങ്ങിയ നിർണ്ണായക വിഷയങ്ങളെക്കുറിച്ച് ഗ്രാഹ്യമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കാൻ പാകത്തിന് കാർഷിക വിദ്യാഭ്യാസത്തിന്റെ രൂപരേഖ തന്നെ മാറ്റും. കാർഷിക വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങൾ തദ്ദേശീയ സമൂഹത്തിനു നേരിട്ട് പ്രയോജനം കൊടുക്കുന്നവ ആയിരിക്കണം; കാർഷിക സാങ്കേതിക വിദ്യ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുകയും ചെയ്യുന്ന കാർഷിക ടെക്നോളജി പാർക്ക് ഇങ്ങനെ ഒരു സമീപനമാണ്.

സി. നിയമവിദ്യാഭ്യാസപദ്ധതികൾ പുന:സംഘടിപ്പിക്കും. രാജ്യാന്തരതലത്തിൽ കിടപിടിക്കുന്ന, നല്ല മാതൃകകൾ കാഴ്ച വയ്ക്കുന്ന, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യാപകമായി നീതി പ്രാപ്തമാക്കുകയും അത് സമയത്തിന് ലഭ്യമാക്കുകയും

ചെയ്യുന്ന ഒന്നാകണം പ്രൊഫഷണൽ നിയമ വിദ്യാഭ്യാസം. അതേ സമയതു തന്നെ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ നീതി എന്നീ ഭരണഘടനാപരമായ മൂല്യങ്ങളാൽ ബോധിതവും പ്രകാശിതവുമാകണം, ജനാധിപത്യം, നിയവാഴ്ച, മനുഷ്യാവകാശസംരക്ഷണം എന്നിവയിലൂടെ രാജ്യപുനർനിർമ്മാണത്തിലേക്ക് നയിക്കുന്നതുമാകണം. നിയമ പഠനത്തിന്റെ കരിക്കുലം സാമൂഹ്യ സാംസ്കാരിക പശ്ചാത്തലങ്ങൾ പ്രതിഫലിപ്പിക്കുന്നതാകണം, ഒപ്പം, സാക്ഷ്യത്തെ അടിസ്ഥാനമാക്കിയുള്ള രീതിയിൽ, നിയമചിന്തകളുടെ ചരിത്രം, നീതിയുടെ തത്വങ്ങൾ, നിയമശാസ്ത്രവ്യവഹാരം, മറ്റു ബന്ധപ്പെട്ട വസ്തുതകൾ എന്നിവ യോജിച്ചതുപോലെയും വേണ്ടത്രയും ഉണ്ടാകണം.

നിയമവിദ്യാഭ്യാസപദ്ധതികൾ നടപ്പിലാക്കുന്ന സംസ്ഥാന സ്ഥാപനങ്ങൾ ഭാവി അഭിഭാഷകർക്കും ന്യായധിപന്മാർക്കുമായി ദ്വിഭാഷാവിദ്യാഭ്യാസം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം - ഇംഗ്ലീഷിലും, നിയമപഠനം നടക്കുന്ന സംസ്ഥാനത്തിന്റെ ഭാഷയിലും. പരിഭാഷ വേണ്ടിവരുന്ന ഇടങ്ങളിൽ നിയമപരമായ പരിണതഫലങ്ങളിൽ കാലതാമസം ഒഴിവാക്കാനാണിത്.

ഡി. ആരോഗ്യപരിപാലനരംഗത്ത് വ്യക്തികൾക്കുള്ള കർത്തവ്യങ്ങൾക്ക് അനുസൃതമായി ആരോഗ്യപരിപാലനവിദ്യാഭ്യാസത്തിന്റെ കാലദൈർഘ്യം, ഘടന, രൂപരേഖ എന്നിവ പുനർവിഭാവനം ചെയ്യും. ഉദാഹരണത്തിന്, എല്ലാ ആരോഗ്യപരിപാലനപ്രക്രിയകൾക്കും/ ഇടപെടലുകൾക്കും (ECG എടുക്കുക, അതിന്റെ റിപ്പോർട്ട് വായിക്കുക തുടങ്ങിയവ) ഒരു ബിരുദമെടുത്ത ഡോക്റ്ററുടെ ആവശ്യം വരുന്നില്ല. എല്ലാ എം ബി ബി എസ് ബിരുദധാരികൾക്കും ഇനിപ്പറയുന്നവ ഉണ്ടായിരിക്കണം. (i) മെഡിക്കൽ സ്കിൽ (ii) ഡയഗ്നോസ്റ്റിക് സ്കിൽ (iii) സർജിക്കൽ സ്കിൽ (iv) എമർജൻസി സ്കിൽ. പ്രാഥമികമായി, പ്രൈമറി കെയർ, സെക്കണ്ടറി ഹോസ്പ്പിറ്റലുകൾ എന്നിവയിൽ ജോലി ചെയ്യാൻ ഉതകുന്ന നൈപുണ്യം ഉണ്ടോ എന്നറിയാൻ വിദ്യാർഥികൾക്ക് ക്രമമായ ഇടവേളകളിൽ സുനിർവചിതമായ മാനദണ്ഡങ്ങളോട് കൂടിയ കൃത്യമായ മൂല്യനിർണ്ണയം നടത്തും. എല്ലാ സയൻസ് വിദ്യാർഥികൾക്കും പൊതുവായി വരുന്ന കാലഘട്ടമെന്ന നിലയിലായിരിക്കും MBBS കോഴ്സിന്റെ ആദ്യത്തെ ഒന്നോ രണ്ടോ കൊല്ലം രൂപകൽപന ചെയ്യുന്നത്. അത് കഴിഞ്ഞാൽ

അവർക്ക് MBBS, BDS, നഴ്സിംഗ്, തുടങ്ങിയ വൈദഗ്ധ്യങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്. നഴ്സിംഗ്, ഡെന്റൽ തുടങ്ങിയ മറ്റു മെഡിക്കൽ വിഭാഗങ്ങളിലെ ബിരുദധാരികൾക്ക് MBBS കോഴ്സിലേക്ക് ലാറ്ററൽഎന്ട്രി അനുവദിക്കുന്നതാണ്: ഒരു മെഡിക്കൽ വിദ്യാഭ്യാസ യോഗ്യതാ ഫ്രെയിംവർക്ക് ഇത് സാധ്യമാക്കുന്നതാണ്. നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തും. നഴ്സിംഗിനും അനുബന്ധശാഖകൾക്കുമായി ഒരു ദേശീയ അക്രഡിറ്റേഷൻ സംഘടന സൃഷ്ടിക്കും. നമ്മുടെ ആളുകൾ ആരോഗ്യപരിപാലനത്തിനു വൈവിധ്യമാർന്ന വഴികൾ തെരഞ്ഞെടുക്കുമെന്നുള്ളത് കൊണ്ട് നമ്മുടെ ആരോഗ്യപരിപാലന വിദ്യാഭ്യാസ രംഗം സമഗ്രമായിരിക്കണം. ഇത് അർത്ഥമാക്കുന്നത്, അലോപതി മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്ന വിദ്യാർഥികൾ ആയുർവ്വേദം, യോഗ, നാച്ചുറോപ്പതി, യൂനാനി, സിദ്ധ, ഹോമിയോപ്പതി (ആയുഷ്) തുടങ്ങിയവയെപ്പറ്റി അടിസ്ഥാനപരമായ ധാരണയുണ്ടായിരിക്കണം. ആരോഗ്യവിദ്യാഭ്യാസത്തിൽ പ്രിവന്റീവ് ഹെൽത്ത് കെയർ, കമ്യൂണിറ്റി മെഡിസിൻ എന്നിവയ്ക്ക് വളരെയധികം ഊന്നൽ കൊടുക്കും.

ഇ. പൂർണ്ണമായും നൈപുണ്യാടിസ്ഥാനത്തിലോ അല്ലെങ്കിൽ വൈജ്ഞാനികാടിസ്ഥാനത്തിലോ അല്ലാത്ത വിജ്ഞാനശാഖകൾ ആയതിനാൽ സാങ്കേതിക വിദ്യാഭ്യാസം പ്രത്യേകമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. മനുഷ്യയത്നത്തിനുമേൽ സാങ്കേതികശാസ്ത്രത്തിന്റെ സ്വാധീനം വർദ്ധിക്കുംതോറും സാങ്കേതിക വിദ്യാഭ്യാസവും മറ്റു വിജ്ഞാനശാഖകളും തമ്മിലുള്ള അകലങ്ങൾ ഇല്ലാതെയാകും എന്ന് പ്രതീക്ഷിക്കുന്നു. മുന്നോട്ടു പോകുമ്പോൾ, ഈ മേഖലകൾ അനേക പതിറ്റാണ്ടുകളോളം ഉന്നതയോഗ്യതയുള്ള ആളുകളെ ആവശ്യപ്പെടും, എന്നാൽ നവീകരണവും ഗവേഷണവും മുന്നോട്ടു കൊണ്ടുപോകാൻ വ്യവസായവും സ്ഥാപനങ്ങളുമായി അടുത്ത സഹകരണം ആവശ്യമായി വരും. നിലവിലുള്ളതും, ഭാവിയിൽ ആവശ്യമായി വരുന്നതുമായ വ്യവഹാരങ്ങൾക്കായി സുസന്നദ്ധരായവരും  മാറുന്ന സാമൂഹ്യ-സാമ്പത്തിക പാരിസ്ഥിതിക പശ്ചാത്തലങ്ങൾക്കു അനുഗുണമായി പ്രതികരിക്കുന്നവരുമായ പ്രൊഫഷണലുകളെ ഒരുക്കാനായി എന്ജിനീയറിംഗ് സാങ്കേതിക പദ്ധതികൾ പരിഷ്കരിക്കും. കുട്ടികൾക്ക് അവരുടെ അറിവും ശേഷിയും, അറിയുന്നതും അറിയാത്തതും ആയ, വ്യത്യസ്തമേഖലകളിൽ പ്രയോഗിക്കാവുന്ന വിധത്തിലും, തൊഴിൽപരമായ മനോഭാവവും, ധാർമികതയും ഊട്ടിയുറപ്പിക്കുന്ന വിധത്തിലും കരിക്കുലം പരിഷ്കരിക്കും. ആർട്ടിഫിഷ്യൽ

ഇന്റെല്ലിജെൻസ്, ബിഗ് ഡാറ്റ അനാലിസിസ്, തുടങ്ങിയ പുതിയതും വളർന്നു വരുന്നതുമായ വിഷയങ്ങൾക്ക് നയപരമായ ഊന്നൽ നൽകും.

വ്യവസായസ്ഥാപനങ്ങളുമായുള്ള സഹകരണം, വ്യവസായസ്ഥാപനങ്ങളുമായി ബന്ധമുള്ള അദ്ധ്യാപകർ, പരിശീലന സാധ്യതകൾ, എന്നിവയ്ക്ക് സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ/റാങ്കിംഗ് സഹായിക്കും.

# ദേശീയ ഗവേഷണ ഫൗണ്ടേഷൻ

1. ഗുണമേന്മയുള്ള അക്കാദമിക് ഗവേഷണം ത്വരിതപ്പെടുത്തൽ

ലക്ഷ്യം: സർവ്വകലാശാലകളിലും കോളേജുകളിലും നടക്കുന്ന സീഡിങ്ങ് ഗ്രോയിംഗ് ഗവേഷണങ്ങൾക്കു സവിശേഷ ശ്രദ്ധ കൊടുത്തുകൊണ്ട് ഗവേഷണവും നൂതന വിദ്യയും രാജ്യത്തെമ്പാടും എല്ലാ അക്കാദമിക് ശാഖകളിലും ത്വരിതപ്പെടുത്താനും ഊർജിതമാക്കാനും - കിടപിടിക്കുന്നതും, സമാനരുടെ നിരൂപണത്തിന് വിധേയമായതുമായ ഫണ്ടിംഗ്, മാർഗദർശിത്വം, ഫസിലിറ്റേഷൻ എന്നിവയിലൂടെ ഗവേഷണത്തിന് പ്രേരകമായ ഒരു വ്യവസ്ഥിതി സൃഷ്ടിക്കുക.

വളർന്നുകൊണ്ടിരിക്കുന്ന ഊർജസ്വലമായ ഒരു സമ്പദ് വ്യവസ്ഥയെ നിലനിർത്തിക്കൊണ്ടുപോകുന്നതിലും, സമൂഹത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിലും, രാജ്യത്തെ കൂടുതൽ ഉയരങ്ങൾ കൈവരിക്കാൻ പ്രചോദിപ്പിക്കുന്നതിലും ഗവേഷണത്തിനും നൂതനവിദ്യക്കും പ്രധാന പങ്കുണ്ട്. ലോകത്ത് ഇന്ന് ധ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ - കാലാവസ്ഥ, സാങ്കേതികവിദ്യ, ജനസംഖ്യാബലതന്ത്രം തുടങ്ങിയവ - ഇവ ഒരു കരുത്തുറ്റ ഗവേഷണ സമ്പ്രദായത്തിനു എന്നത്തെക്കാൾ കൂടുതലായി പ്രാധാന്യം തരുന്നു.

എ. നാഷണൽ റിസേർച്ച് ഫൌണ്ടേഷൻ പാർലമെന്റ് ആക്ടിലൂടെ ഭാരതസർക്കാരിന്റെ ഒരു സ്വയംഭരണസ്ഥാപനമായി നിലവിൽ വരും. ഇതിന് 20,000 കോടി രൂപയുടെ വാർഷിക ഗ്രാന്റ് നൽകും. (ജി.ഡി.പി.യുടെ 0.1%) ഇത് അടുത്ത ദശകത്തിൽ ഘട്ടം ഘട്ടമായി ഗുണമേന്മയുള്ള ഗവേഷണത്തിനുള്ള രാജ്യത്തിന്റെ കഴിവ് വികസിക്കുന്നതനുസരിച്ച് വർദ്ധിപ്പിക്കും.

ബി. ഫൗണ്ടേഷന്റെ ജോലിയുടെ പ്രാഥമിക സാദ്ധ്യതകളിൽ ഉൾപ്പെടുന്നത്:

- കിടപിടിക്കുന്നതും, സമാനരുടെ നിരൂപണത്തിന് വിധേയമായതുമായ പ്രക്രിയയിലൂടെ അക്കാദമിക് ഭൂപടത്തിലെ എല്ലാ വിജ്ഞാനശാഖകളിലും ഗവേഷണത്തിനു ഫണ്ടിംഗ്.

- രാജ്യത്തുടനീളമുള്ള അക്കാദമിക് സ്ഥാപനങ്ങളിൽ ഗവേഷണ പ്രാപ്തിയുണ്ടാക്കുക.

- ഗവേഷകർ, ഗവണ്മെന്റ്, വ്യവസായം എന്നിവയുമായി ഗുണപരമായ ബന്ധം സ്ഥാപിച്ച് ഏറ്റവും അത്യാവശ്യമുള്ള ദേശീയ പ്രശ്നങ്ങൾ ഗവേഷണം ചെയ്യുന്നുവെന്നും ഏറ്റവും പുതിയ ഗവേഷണനേട്ടങ്ങൾ പൊതുനന്മയ്ക്കായി നടപ്പാക്കിയെന്നും ഉറപ്പുവരുത്തുക.

- മികച്ച ഗവേഷണത്തെ പ്രത്യേക സമ്മാനങ്ങളിലൂടെയും സെമിനാറുകളിലൂടെയും അംഗീകരിക്കുക.

സി. തുടക്കത്തിൽ ഫൗണ്ടേഷനു നാലു പ്രമുഖ വിഭാഗങ്ങളുണ്ടാകും - ശാസ്ത്രങ്ങൾ, സാങ്കേതികവിദ്യ, സാമൂഹികശാസ്ത്രങ്ങൾ, കല, മാനവിക വിഷയങ്ങൾ.

# മറ്റു പ്രധാന ദൃഷ്ടികേന്ദ്രങ്ങൾ

1. വിദ്യാഭ്യാസ സാങ്കേതികവിദ്യ

ലക്ഷ്യം; വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും സാങ്കേതികവിദ്യയുടെ ഉചിതമായ സംയോജനം - അധ്യാപകരുടെ തയ്യാറെടുപ്പും വികസനവും പിന്തുണയ്ക്കാൻ; അധ്യാപനം, പഠനം മൂല്യനിർണ്ണയ പ്രക്രിയകൾ മെച്ചപ്പെടുത്താൻ; പ്രതികൂലരായ വിഭാഗങ്ങളുടെ വിദ്യാഭ്യാസ കൈയെത്തൽ വർദ്ധിപ്പിക്കുക; വിദ്യാഭ്യാസ ആസൂത്രണവും ഭരണവും മാനേജ്മെന്റും വഴിതെളിക്കുക, ചാലുകീറുക.

ഈ നയം ലക്ഷ്യമിടുന്നതു സാങ്കേതികവിദ്യ, വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും ഉചിതമായി സംയോജിപ്പിക്കുകയാണ:

1. അധ്യാപനം, പഠനം, വിലയിരുത്തൽ പ്രക്രിയകൾ മെച്ചപ്പെടുത്തുന്നതിനും.

2. അധ്യാപകരുടെ തയ്യാറെടുപ്പും തുടർച്ചയായ പ്രൊഫഷണൽ വികസനത്തിനും.

3. പ്രതികൂലസാഹചര്യത്തിൽ നിന്ന് വരുന്നവിഭാഗങ്ങൾക്കു വിദ്യാഭ്യാസ പ്രാപ്തി വർദ്ധിപ്പിക്കുക.

4. വിദ്യാഭ്യാസ ആസൂത്രണവും ഭരണവും മാനേജ്മെന്റും കഴിവുറ്റതാക്കുക.

എ. സാങ്കേതികവിദ്യയുടെ പ്രവേശനം, വിന്യസനം ഉപയോഗം എന്നീ തീരുമാനങ്ങൾ എടുക്കുന്നത് സാധ്യമാക്കാനും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നേതൃത്വത്തിനും സംസ്ഥാന-കേന്ദ്രസർക്കാരുകൾക്കും മറ്റു തല്പരകക്ഷികൾക്കും ഏറ്റവും പുതിയ അറിവും ഗവേഷണവും ലഭ്യമാക്കാനും നല്ല മാതൃകകൾ പങ്കുവെയ്ക്കുന്നതിനും കൂടിയാലോചിക്കുന്നതിനും അവസരമൊരുക്കാനും നാഷണൽ എജുക്കേഷൻ ടെക്നോളജി ഫോറം എന്ന സ്വയംഭരണ സ്ഥാപനം സ്ഥാപിക്കും.

ബി. വിദ്യാഭ്യാസപ്രക്രിയകളിൽ സാങ്കേതികവിദ്യയുടെ സംയോജനം (ഉദാ: വിവർത്തനം പിന്തുണയ്ക്കുക, ബോധനശാസ്ത്രത്തിനു സഹായിയായി പ്രവർത്തിക്കുക, തുടർച്ചയായ പ്രൊഫഷണൽ വികാസത്തിനു സൗകര്യപ്പെടുത്തുക, ഓൺലൈൻ കോഴ്സുകൾ മുതലായവ), ഡിജിറ്റൽ കലവറകൾ, സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള അധ്യാപക തയ്യാറെടുപ്പ്, യോഗ്യതയുള്ള

പിന്തുണയും ഗവേഷണവും എന്നിവയുടെ പരമാവധി വിനിയോഗം എന്നിവ വഴി ഉത്തമീകരിക്കും. ഗവേഷണത്തിനായും സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനെ പിന്തുണയ്ക്കാനും വിദ്യാഭ്യാസ സാങ്കേതികവിദ്യയിൽ സെന്റേഴ്സ് ഓഫ് എക്സലെൻസ് സ്ഥാപിക്കും.

സി. സ്ഥാപനങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിവയുമായി ബന്ധപ്പെട്ട എല്ലാ റെക്കോർഡുകളും ഡിജിറ്റൽ രൂപത്തിൽ നാഷണൽ റിപ്പോസിറ്ററി ഓഫ് എഡ്യൂക്കേഷണൽ ഡാറ്റ കൈകാര്യം ചെയ്യും.

2. വോക്കേഷണൽ വിദ്യാഭ്യാസം

ലക്ഷ്യം: എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽവിദ്യാഭ്യാസം സംയോജിപ്പിക്കുക - സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ. 2025-ാമാണ്ടോടെ മൊത്തം പഠിതാക്കളിൽ, ചുരുങ്ങിയതു 50% പേർക്കെങ്കിലും തൊഴിൽവിദ്യാഭ്യാസം പ്രാപ്തമാവണം.

ഇന്ത്യയുടെ ജനസംഖ്യാപരമായ ലാഭവീതത്തിന്റെ പൂർണ്ണ സാധ്യത സാക്ഷാത്കരിക്കുവാൻ 2025-ാമാണ്ടോടെ സ്കൂളുകളിലൂടെയും ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെയും 50% പഠിതാക്കൾക്കെങ്കിലും നൈപുണ്യ വികസനത്തിനു ഈ നയം ലക്ഷ്യം വയ്ക്കുന്നു.

എ. അടുത്ത ദശകത്തിലായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽവിദ്യാഭ്യാസം ഘട്ടം ഘട്ടമായി സംയോജിപ്പിക്കും. നിപുണി വിടവു അവലോകനത്തിന്റെയും പ്രാദേശികവിഭവങ്ങളുടെ ഭൂപടരചനയുടെയും അടിസ്ഥാനത്തിൽ ദൃഷ്ടികേന്ദ്രമാവേണ്ട സ്ഥാനങ്ങൾ തിരഞ്ഞെടുക്കും. സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസം, വിശാലമായ ഉദാരവിദ്യാഭ്യാസ ദർശനത്തിന്റെ ഭാഗമായിട്ടായിരിക്കും. തൊഴിൽവിദ്യാഭ്യാസത്തിനുള്ള ദേശീയ സമിതി ഈ പരിശ്രമങ്ങൾ നിരീക്ഷിക്കും.

ബി. വിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള സഹകരണത്തിലൂടെ, സംയോജനത്തിനായുള്ള പ്രത്യേകമായ ഒരു ഫണ്ടിലൂടെ, ഈ മാറ്റം സാധ്യമാക്കും.

സി. നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്കിനെ ഓരോ ശാഖകൾ/തൊഴിലുകൾ/പ്രൊഫഷനുകൾ എന്നിവയ്ക്കുവേണ്ടി കൂടുതൽ വിശദീകരിക്കും. കൂടുതലായി ഇന്ത്യൻ മാനദണ്ഡങ്ങളെ, അന്താരാഷ്ട്ര തൊഴിൽസംഘടന കൈകാര്യം ചെയ്യുന്ന ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ക്ലാസിഫിക്കേഷൻ ഓഫ് ഒക്യുപ്പേഷൻസുമായി പൊരുത്തപ്പെടുത്തും. പ്രാരംഭപഠനത്തിനുള്ള അംഗീകാരത്തിനു ഈ ചട്ടക്കൂട് അടിസ്ഥാനമാവും. ഇതുവഴി വ്യവസ്ഥാപിത സമ്പ്രദായത്തിൽ നിന്നു കൊഴിഞ്ഞുപോയവരെ, ചട്ടക്കൂട്ടിലെ പ്രസക്ത തലത്തിൽ അവരുടെ പ്രായോഗിക പരിജ്ഞാനം യോജിപ്പിച്ചുകൊണ്ട് വീണ്ടും സംയോജിപ്പിക്കും. പൊതുവായതും തൊഴിലധിഷ്ഠിതവുമായതിനിടയ്ക്കുള്ള ചലനത്തിനും ചട്ടക്കൂട് സൗകര്യപ്പെടുത്തും.

ഡി. 2030-35ാമാണ്ടോടെ അണ്ടർ ഗ്രാജുവേറ്റ് തലത്തിൽ തൊഴിൽവിദ്യാഭ്യാസത്തിന്റെ പ്രവേശനത്തിന്റെ 50% വരെ പ്രാപ്തി ഉയർത്തും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സ്വന്തം നിലയ്ക്കോ വ്യവസായ പങ്കാളിത്തത്തോടെയോ തൊഴിൽവിദ്യാഭ്യാസം നൽകാം.

ഇ. തൊഴിൽവിദ്യാഭ്യാസവും അപ്രന്റിസ് ഷിപ്പും ലഭ്യമാക്കുന്നതിനുള്ള മാതൃകകളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പരീക്ഷിക്കാവുന്നതാണ്. വ്യവസായങ്ങളുമായുള്ള പങ്കാളിത്തത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കും.

എഫ്. ലോക വിദ്യ: ഇന്ത്യ വികസിപ്പിച്ചെടുത്ത അറിവ്, ലോകവിദ്യ, തൊഴിൽവിദ്യാഭ്യാസ കോഴ്സുകളിൽ സംയോജിപ്പിച്ചു വിദ്യാർത്ഥികൾക്കു കൈയെത്തുന്നിടത്തു സാധ്യമാക്കും.

3. വയോജനവിദ്യാഭ്യാസം

ലക്ഷ്യം: 2030-ാടെ 100% യുവജന, വയോജന സാക്ഷരതാനിരക്ക് കൈവരിക്കുക, വയോജന-തുടർവിദ്യാഭ്യാസ പരിപാടികൾ ഗണ്യമായി വികസിപ്പിക്കുക.

വ്യക്തിഗതമായും പൗരസമൂഹത്തിലും സാമ്പത്തികമായും ജീവിതകാലം മുഴുവനും പഠിക്കുവാനുള്ള അവസരങ്ങളിലും പങ്കാളികളാകുവാൻ സാക്ഷരതയും അടിസ്ഥാനവിദ്യാഭ്യാസവും പ്രാപ്തരാക്കുന്നു - ഇത് ഓരോ പൌരന്റെയും അവകാശമാണ്. എന്നിരുന്നാലും നമ്മുടെ യുവജനങ്ങളിലും മുതിർന്നവരുടെ ജനസംഖ്യയിലും നല്ലൊരു വിഭാഗം ഇപ്പോഴും നിരക്ഷരരായി അവശേഷിക്കുന്നു.

എ. വയോജനവിദ്യാഭ്യാസത്തിന്റെ അഞ്ചു വിശാലമായ മേഖലകൾ സംരക്ഷിക്കുന്നതിനു ഒരു നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് ഫോർ അഡൾട്ട് എഡ്ക്കേഷൻ വികസിപ്പിക്കും - അടിസ്ഥാന സാക്ഷരതയും സംഖ്യാജ്ഞാനവും, നിർണായക ജീവിത നിപുണികൾ, തൊഴിൽ വൈദഗ്ദ്ധ്യം, അടിസ്ഥാന വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും, പാഠപുസ്തകങ്ങളും പഠനസാമഗ്രികളും അസസ്മെന്റിനും സർട്ടിഫിക്കേഷനുമുള്ള മാനദണ്ഡങ്ങളോടൊപ്പം വികസിപ്പിച്ചു ഈ ചട്ടക്കൂടുമായി യോജിപ്പിക്കും.

ബി. വയോജന വിദ്യാഭ്യാസകേന്ദ്ര മാനേജർമാരുടെയും ഇൻസ്ട്രക്ടർമാരുടെയും ഒരു സംഘവും അതുപോലെ നാഷണൽ അഡൽറ്റ് എഡ്യൂക്കേഷൻ ട്യൂട്ടേഴ്സ് പ്രോഗ്രാമിലൂടെ സൃഷ്ടിച്ച വലിയൊരുകൂട്ടം, ഒരു വിദ്യാർഥിക്കു ഒരു അദ്ധ്യാപകൻ എന്ന നിലയിലുള്ള ട്യൂട്ടർമാരെ വയോജനവിദ്യാഭ്യാസം നിർവ്വഹിക്കുവാൻ പ്രാപ്തരാക്കും.

സി. നിലവിലുള്ള സമീപനങ്ങളുടെയും പരിപാടികളുടെയും സാധ്യതകൾ പരമാവധി ഉപയോഗിച്ചു പങ്കെടുക്കേണ്ടവരെ കണ്ടുപിടിക്കും. സമൂഹസന്നദ്ധപ്രവർത്തകരെ പ്രോത്സാഹിപ്പിക്കും. സമൂഹത്തിലെ ഓരോ സാക്ഷരനായ അംഗവും ഒരാളെയെങ്കിലും

വായിക്കുവാൻ പഠിപ്പിക്കുകയെന്നത് ഒരു പ്രധാന തന്ത്രമായിരിക്കും. വൻതോതിലും പൊതു ബോധവൽകരണം നടത്തും. വനിതാ സാക്ഷരതയ്ക്കു പ്രത്യേക ഊന്നൽ നൽകും.

4. ഇന്ത്യൻ ഭാഷകളുടെ പ്രോത്സാഹനം

ലക്ഷ്യം: എല്ലാ ഇന്ത്യൻ ഭാഷകളുടെയും സംരക്ഷണവും, വളർച്ചയും സജീവമാക്കലും ഉറപ്പുവരുത്തുക

ശരിയായ ഉൾപ്പെടുത്തലിനും ഓരോ പ്രദേശത്തിന്റെയും സംസ്കാരവും പാരമ്പര്യവും പരിപാലിക്കുന്നതിനും ട്രൈബൽഭാഷകളുൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളോടു വേണ്ട ആദരവു പുലർത്തുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ. ഇതിനാൽ ഇന്ത്യയുടെ സമ്പന്നമായ ഭാഷകളും സാഹിത്യങ്ങളും സംരക്ഷിക്കേണ്ടത് നിർണ്ണായകമാണ്.

എ. ഭാഷയിലും സാഹിത്യത്തിലും ഇന്ത്യൻ ഭാഷകളിലുള്ള, ശാസ്ത്രപദങ്ങളിലുമുള്ള ഊന്നൽ സാധ്യമാകുന്നതു രാജ്യമെമ്പാടുമുള്ള ശക്തമായ ഇന്ത്യൻ ഭാഷാസാഹിത്യപരിപാടികളിലൂടെയും അധ്യാപകരുടെയും ഫാക്കൽറ്റിയുടെയും റിക്രൂട്ട്മെന്റിലൂടെയും സൂക്ഷ്മ ഗവേഷണത്തിലൂടെയും ക്ലാസിക്കൽ ഭാഷകളുടെ പ്രോത്സാഹനത്തിലൂടെയുമായിരിക്കും.

ബി. ക്ലാസിക്കൽ ഭാഷകളുടെയും സാഹിത്യത്തിന്റെയും നിലവിലെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ ശക്തിപ്പെടുത്തും. പാലി, പേർഷ്യൻ, പ്രകൃത് എന്നിവയ്ക്കു ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കും.

സി. കമ്മീഷൻ ഫോർ സയന്റിഫിക് ആന്റ് ടെക്നിക്കൽ ടെർമിനോളജിയുടെ അനുശാസന, അതായത് രാജ്യത്തുടനീളം ഉപയോഗിക്കാൻ കഴിയുന്ന ഒരുപോലുള്ള പദങ്ങൾ വികസിപ്പിക്കുകയെന്നത്, ഭൗതികശാസ്ത്രങ്ങൾ മാത്രമല്ലാതെ, എല്ലാ

വിജ്ഞാനശാഖകളും മേഖലകളും ഉൾപ്പെടുത്തുവാൻ പോന്നവണ്ണം വലിയ അളവിൽ പുതുക്കി വികസിപ്പിക്കും.

## രാഷ്ട്രീയ ശിക്ഷാ ആയോഗ്

1. വിദ്യാഭ്യാസത്തിന്റെ  പരിവർത്തനം: രാഷ്ട്രീയ ശിക്ഷാ ആയോഗ്

ലക്ഷ്യം: ഇന്ത്യയുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ കൂട്ടുപ്രവർത്തനം, തുല്യതയും, എല്ലാ തലത്തിലും മികവും സമ്മാനിക്കാൻ ദർശനം മുതൽ നടപ്പാക്കൽ വരെ ഒരു പുതിയ രാഷ്ട്രീയ ആയോഗിനാൽ നയിക്കപ്പെട്ടു.

ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന് പ്രചോദനം നൽകുന്ന നേതൃത്വത്തിന്റെ ആവശ്യമുണ്ട്. അതുതന്നെ നടപ്പാക്കുന്നതിലെ മികവു ഉറപ്പാക്കുകയും ചെയ്യുന്നു.

എ. രാഷ്ട്രീയ ആയോഗ് അഥവാ നാഷണൽ എഡ്യൂക്കേഷൻ കമ്മീഷൻ പ്രധാനമന്ത്രി അധ്യക്ഷനായുള്ള ഒരു ഉന്നത സമിതി ആയി രൂപീകരിക്കും.

ബി. വിദ്യാഭ്യാസത്തിനുള്ള യൂണിയൻ മന്ത്രിയായിരിക്കും ദൈനംദിന കാര്യങ്ങളിൽ നേരിട്ടു ഉത്തരവാദിത്തമുള്ള വൈസ് ചെയർമാൻ.

സി. ആയോഗിൽ പ്രഗത്ഭ വിദ്യാഭ്യാസ വിചക്ഷണർ, ഗവേഷകർ, യൂണിയൻ മന്ത്രിമാർ, സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെയും നാനാ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരുടെയും പ്രാതിനിധ്യം എന്നിവയടങ്ങുന്നതായിരിക്കും. ആയോഗിലെ എല്ലാ അംഗങ്ങളും വിദഗ്ദ്ധരും അവരവരുടെ മേഖലകളിൽ പൊതു സംഭാവന നൽകിയതായി അറിയപ്പെടുന്നവരും, ചോദ്യം ചെയ്യപ്പെടാനാവാത്ത സത്യസന്ധരായുള്ളവരും സ്വതന്ത്രരുമായിരിക്കും.

ഡി. ആയോഗായിരിക്കും ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ സംരക്ഷകൻ, അതു വിദ്യാഭ്യാസത്തെ സംബന്ധിച്ചു ഒരു സമഗ്ര ദേശീയ ദർശനം പുലർത്തുമ്പോൾത്തന്നെ സമൂഹത്തിന്റെ വൈവിധ്യവും പോഷിപ്പിക്കും. മാത്രമല്ല ഇതു ബന്ധപ്പെട്ട എല്ലാവരിൽ നിന്നും ദേശീയ, സംസ്ഥാന സ്ഥാപനതലത്തിൽ നിന്നുള്ള നേതാക്കളുടെയും ഫലപ്രദവും സമകാലീനതയുള്ളതുമായ ദർശനം സൗകര്യപ്പെടുത്തും.

ഇ. ഏകോപനവും കൂട്ടുപ്രവർത്തനവും ഉറപ്പാക്കാൻ ആയോഗ് ഓരോ സംസ്ഥാനവുമായും അടുത്തു പ്രവർത്തിക്കും. സംസ്ഥാനങ്ങൾക്കും വിദ്യാഭ്യാസത്തിനായി സംസ്ഥാനതല ഉന്നതസമിതികൾ സ്ഥാപിക്കാവുന്നതാണ്. ഇതിനെ രാജ്യ ശിക്ഷാ ആയോഗ് അഥവാ സംസ്ഥാന വിദ്യാഭ്യാസ കമ്മീഷൻ എന്നു വിളിക്കാം.

# വിദ്യാഭ്യാസത്തിനുള്ള സാമ്പത്തികസഹായം നൽകൽ

1. വിദ്യാഭ്യാസത്തിനുള്ള സാമ്പത്തികസഹായം നൽകൽ

ഐ. ഈ നയം വിദ്യാഭ്യാസപരമായ നിക്ഷേപങ്ങൾക്കു പ്രതിജ്ഞാബദ്ധമാണ്. കാരണം, സമൂഹത്തിന്റെ ഭാവിക്കു ഇതിലും നല്ല നിക്ഷേപമില്ലെന്നു ഇതു വിശ്വസിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണം ലഭിക്കുന്നതു സമൂഹത്തിനു മുഴുവൻ കൂടിയാണ്.

ജെ. ഈ നയം അതിനാൽ വിദ്യാഭ്യാസത്തിനുള്ള പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതു വിഭാവനം ചെയ്യുന്നു - ഇരു സർക്കാരുകളും കേന്ദ്രവും സംസ്ഥാനവും 10 വർഷത്തെ കാലയളവിൽ 20% വർദ്ധനവ്.

കെ. പ്രധാന ഘടകങ്ങളായ പഠനവിഭവങ്ങൾ, വിദ്യാർത്ഥികളുടെ സുരക്ഷിതത്വവും സൗഖ്യവും, പോഷണസഹായം, മതിയായ സ്റ്റാഫിംഗ്, അധ്യാപക വികാസം, അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും കുറഞ്ഞ പ്രാതിനിധ്യമുള്ള വിഭാഗങ്ങൾക്കും തുല്യവും ഉന്നതഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള സംരംഭങ്ങൾ എന്നിവ പോലെയുള്ള പ്രധാന കാര്യങ്ങൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണയിൽ ഒത്തുതീർപ്പുണ്ടാവില്ല.

എൽ. വിദ്യാഭ്യാസമേഖലയിൽ നവവീര്യം പകരാനും സ്വകാര്യ മനുഷ്യസ്നേഹപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും പിന്തുണയ്ക്കുവാനും നയം ആവശ്യപ്പെടുന്നു. ഏതു വിദ്യാഭ്യാസപരമായ ഉദ്യമത്തിനും ലാഭേച്ഛ കൂടാതെ നിസ്വാർത്ഥമായി നടത്തുന്ന എല്ലാ ഫണ്ടിംഗുകളും നിലവിലെ സ്ഥാപനങ്ങളുടെ നിർണ്ണായക ആവശ്യങ്ങൾക്കുവേണ്ടി സ്വരൂപിക്കും.

എം. ഒറ്റത്തവണ ചെലവു വരുന്ന, പ്രാഥമികമായ ഭൗതികസാഹചര്യവും വിഭവങ്ങളും കൂടാതെ, ഈ നയം ഇനിപ്പറയുന്ന പ്രാധാന മേഖലകൾ തിരിച്ചറിയുന്നു.

1. ബാല്യകാലവിദ്യാഭ്യാസത്തിന്റെ വികസനവും മെച്ചപ്പെടുത്തലും.
2. അടിസ്ഥാന സാക്ഷരതയും സംഖ്യാജ്ഞാനവും ഉറപ്പാക്കൽ
3. സ്കൂൾ സഞ്ചയങ്ങൾക്കു മതിയായതും ഉചിതവുമായ വിഭവവൽക്കരണം

4. ആഹാരവും പോഷണവും (രാവിലത്തെ ഭക്ഷണവും ഉച്ചഭക്ഷണവും)

5. അധ്യാപകരുടെ വിദ്യാഭ്യാസവും അവരുടെ തുടർച്ചയായുള്ള പ്രൊഫഷണൽ വികാസവും.

6. കോളേജുകളുടെയും സർവ്വകലാശാലകളുടെയും നവീകരണം

7. ഗവേഷണം

എൻ. സന്ദര്ഭോചിതവും കാലോചിതവുമായി മുടക്കമില്ലാതെ ഫണ്ടുകൾ ലഭിക്കുന്നതിലും ലഭ്യതയും സത്യസന്ധതയോടെയുള്ള അതിന്റെ വിനിയോഗത്തിലുമായിരിക്കും ഭരണ-കാര്യനിർവഹണങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കടമകളുടെ വ്യക്തമായ വേർതിരിക്കൽ, സ്ഥാപനങ്ങളുടെ ശാക്തീകരണവും സ്വയംഭരണാവകാശവും, നേതൃസ്ഥാനങ്ങളിൽ ആളുകളെ നിയമിക്കൽ, എന്നിവയിലൂടെ ഇതു സാധ്യമാക്കും.

ഒ. വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തെ ഈ നയം പ്രസക്തമായ പല തലങ്ങളിൽ സമീപിച്ചിട്ടുണ്ട്. 'ലളിതവും കർക്കശവുമായ ചട്ടങ്ങൾ' , പൊതുവിദ്യാഭ്യാസത്തിലുള്ള ഗണ്യമായ നിക്ഷേപം, സുതാര്യമായ പൊതു വെളിപ്പെടുത്തലുകൾ ഉൾപ്പെടെ നല്ല ഭരണരീതികൾ.

2. മുന്നോട്ടേയ്ക്കുള്ള വഴി

ഈ നയം അതിന്റെ ഉദ്ദേശത്തിനു അനുസരിച്ച് നടപ്പിലാക്കാൻ, പല സമിതികളുടെ നേതൃത്വത്തിലുള്ള പ്രധാന പ്രവർത്തനങ്ങളുടെ രൂപരേഖയുടെ ഒപ്പം അതിന്റെ സമയലക്ഷ്യങ്ങളും അവലോകനത്തിനുള്ള പദ്ധതികളും, കൂടാതെ വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സമിതികളുടെയും കൂട്ടായ പ്രവർത്തനവും ആസൂത്രണത്തിലുള്ള യോജിപ്പും സൂചിപ്പിക്കുന്നു.

*മനുഷ്യന്റെ എല്ലാ ഘട്ടത്തിലും അറിവു പ്രതിനിധീകരിക്കുന്നത് മുൻതലമുറകൾ സൃഷ്ടിച്ചതെന്തോ അതിന്റെ ആകെത്തുകയാണ്, അതോടൊപ്പം ഇപ്പോഴത്തെ തലമുറ അവരുടെ പങ്കു കൂടി ചേർക്കുന്നു.*

*ഏതൊന്നിനാണോ ആദിയും അന്തവുമില്ലാത്തത് - മോബിയസ് സ്ട്രിപ് അറിവിന്റെ അനശ്വരവും വികസ്വരവുമായ ആ വികാസത്തെ പ്രതീകവൽക്കരിക്കുന്നു.*

*ഈ നയം സൃഷ്ടി, പ്രസരണം, അറിവിന്റെ ഉപയോഗവും പ്രചാരണവും, എന്നിവ ഈ പ്രിതിഭാസത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നു.*